


# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 12 No. 2 Newsletter February 2014



'Iam the Lord who heals you'
Exodus 15:26

# Church News

## Congratulations



നമ്മുടെ ഡീഖൻ **ഡോ. എസ്. സതീഷിന്** കേരള സർക്കാരിന്റെ പ്രശസ്തി പത്രം മുഖ്യമന്ത്രിയിൽ നിന്നും ലഭിച്ചു. ബധിരമൂക കുട്ടികളിൽ ശ്രവണശക്തി ലഭിക്കുന്ന കോക്ലിയർ ഇംപ്ലാന്റ് ഓപ്പറേഷൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി തുടങ്ങിയതിനാണ് ഈ ബഹുമതി. ഇ.എൻ.റ്റി അഡീഷണൽ പ്രൊഫസറും, യൂണിറ്റ് മേധാവിയുമായി പ്രവർത്തിക്കുന്നു. ഭാര്യ: ഡോ. ഷെറീൻ സതീഷ് (ഗൈനക്കോളജിസ്റ്റ്, ഗവ. ഫോർട്ട് ആശുപത്രി). മക്കൾ: ഡെന്നി എസ്.(എം.ബി.ബി.എസ് വിദ്യാർത്ഥി), ഡയാന എസ്.



നമ്മുടെ സഭാംഗമായ **സുരേഷ് ദേവരാജൻ** മഹായിടവക ബോർഡ് ഫോർ യംഗ് ഫാമിലി ഫെല്ലോഷിപ്പിന്റെ സെക്രട്ടറിയായി നിയമിതനായി. ഭാര്യ: ഡോ. സിന്ധുജ സുരേഷ്, മകൾ: ജെസീക്ക സാറാ സുരേഷ്.

## സി.ഇ.വൈ.എഫ് വാർഷികം

2013-ലെ യുവജനസംഘടനയുടെയും ബാലജനസഖ്യത്തിന്റെയും സംയുക്ത വാർഷികാഘോഷം 2014 ജനുവരി 4-ാം തീയതി നടന്നു. റവ. സി. ആർ.വിൻസെന്റ് അദ്ധ്യക്ഷനായിരുന്നു. സഭാതലത്തിലും ഡിസ്ട്രിക്ട് തലത്തിലും വിവിധ കലാകായിക മത്സരങ്ങളിൽ വിജയിച്ചവരെ തദവസരത്തിൽ ആദരിച്ചു. ഇതോടനുബന്ധിച്ച് "റവലേഷൻസ്" എന്ന ഇംഗ്ലീഷ് ചിത്രം പ്രദർശിപ്പിച്ചു.

## സംഘടനാ ഭാരവാഹികൾ - 2014

**സണ്ടേസ്കൂൾ:** രാജേഷ് കുമാർ പ്രസീദം (സെക്രട്ടറി), അഡ്വ. സഗുണ രാജ് (അക്കൗണ്ടന്റ്), ചെല്ല ഫ്ളോറി വിൽസൺ (ട്രഷറർ), ബിനിൽ വിൻഫ്രെഡ് (കമ്മറ്റിയംഗം).

**സി.ഇ.വൈ.എഫ്:** ബെറ്റി ക്രിസ്റ്റഫർ (വൈസ് പ്രസിഡന്റ്), റെജി ഡേവിഡ് (സെക്രട്ടറി), സെറാഗിൽ ഓസ്റ്റിൻ പ്രിൻസ് (അക്കൗണ്ടന്റ്), റൂബൻ എസ്.എൽ (ട്രഷറർ), അജിത് സെൻ (ജെ.സി.എഫ് കൺവീനർ & ഡിസ്ട്രിക്ട് പ്രതിനിധി)

## സണ്ടേസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം

ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് സണ്ടേസ്കൂൾ അദ്ധ്യാപകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ശ്രീ. ജോർജ് ബെഹനാൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും.

# CHURCH VOICE

12th year of publication

**FEBRUARY 2014**



**CHIEF EDITOR**

Rev. C.R. Vincent

**EDITOR**

R. Sajan Samson

**EDITORIAL BOARD**

Rev. Dr. L.E. Sahanam
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas



**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com



## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C. R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## SECRETARY'S REPORT



Dear friends in Christ,

As we continue our journey with Christ into 2014, we have already crossed one more milestone having called to confront many a challenges: unexpected hurdles, unprecedented hardships, unusual headaches, human obstacles and unforeseen burdens. Our response to situations with Christ will definitely determine the course of events in our onward march. While mundane preoccupations passionately pose cross roads to confuse us, Kingdom values can never be sacrificed for a successful living. Let our prayer be: "Give me a spirit of prayer, dear Lord, that I may continue with Thee, as I travel along life's rugged road, in Thy company always to be".

Against constant perplexities, we need peace in the face of tension, comfort in times of anguish, strength in the context of weakness and courage to face life with hope, trust and confidence.

"Give Him each perplexing problem, All your needs to Him make known:

Bring to Him your daily burdens - Never carry them alone !"

We need healing in our total personality and wholesome being for Jesus said: "Without Me you can do nothing" (John 15:5). Focusing on the verse: "I am the Lord who heals you" (Exodus 15:25), the second Sunday of February is observed as Healing Sunday. Let us pray in one accord that we children of God will be healed in our body, mind and soul for the extension and magnification of His kingdom in and through our personal and church life.

Stem Cell drive by the YFF evoked a lot of public attention in their attempt to save a life. Office-bearers for 2014 have taken up responsibilities in the sub-organisations of our Church. Year-plan and budget are being prepared to gear up the activities for the whole year: initiating new programmes most suitable to our times. Parents, earnestly encourage and promote their children to get involved in the varied ministries of the Church. Children, be regular to Sunday School and Youth Fellowship meetings. Commit yourselves to God's hands so that you will be shaped for life's challenges in the days to come.

In just a few weeks time, we are bound to conclude the purchase of the proposed plot at Kothalam Mission field. When our Pastors and committee members along with the City Mission committee visit your homes, please do contribute very liberally so that our targeted funds required can be collected in full through our wholehearted and sacrificial giving.

Yours in His Service,

**Dr. Christenson E. Sarasam**
Church Secretary

# സ്നേഹവും സൗഖ്യവും

റവ. ഡോ. ഡി. ബർണബാസ്

അനുകമ്പ മാനസികാശ്വാസത്തിനും ശാരീരിക സൗഖ്യത്തിനും അടിസ്ഥാനമാകുന്നു. മാനസികമായി തളർന്നും ശാരീരികമായി ക്ഷീണിച്ചുമിരിക്കുന്ന ഒരു വ്യക്തിയുടെ സമീപനം അനുകമ്പയോടുള്ളതാണെങ്കിൽ രണ്ടുതരത്തിലുള്ള സൗഖ്യമുണ്ടാകുന്നു. ഒരാളുടെ സമീപനത്തിന്റെ സ്വാധീനമാണ് ഇവിടെ കാണുന്നത്. യേശുക്രിസ്തുവിന്റെ വ്യക്തികളോടുള്ള സമീപനം ഇത്തരത്തിലായിരുന്നു. കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷയിലും ഇത് പ്രകടമാണ്.

1. **താഴ്മയുള്ളവരെ ദൈവം കരുതുന്നു (യെശ.57:15)**

ദൈവം, സ്നേഹിക്കുന്ന ജനത്തിന്റെ ഇടർച്ച മാറ്റുന്നതിൽ ശ്രദ്ധയുള്ളവനാകുന്നു. എന്റെ ജനത്തിന് വേണ്ടി വഴിയൊരുക്കുവിൻ എന്നും വഴിയിൽ നിന്ന് ഇടർച്ച നീക്കിക്കളയുവിൻ എന്നുമുള്ള പ്രഖ്യാപനം ജനത്തോടുള്ള പ്രത്യേക കരുതലിനെ സൂചിപ്പിക്കുന്നു. ദൈവം സ്നേഹിക്കുന്ന ജനത്തോടൊപ്പം വസിക്കുന്നവനാകുന്നു. ഉന്നതനും പരിശുദ്ധനുമായ ദൈവം താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം നൽകുന്നതിന് വേണ്ടി അവരോടൊപ്പം വസിക്കുന്നു. മാത്രമല്ല, ശരീരത്തിന്റെയും ആത്മാവിന്റെയും ക്ഷേമത്തിനും നിലനിൽപ്പിനും വേണ്ടി ശ്രദ്ധിക്കുന്നു. ഇന്ന് വ്യക്തിബന്ധങ്ങളിലും സാമൂഹികതലത്തിലും ഈ ദർശനം അന്യപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന അഭിപ്രായം വ്യാപകമാണ്. ശ്രദ്ധിക്കപ്പെടാത്ത ജനത്തിന്റെ ക്ഷേമത്തിനുവേണ്ടി കരുതുന്നതിനുള്ള ഉൽക്കടമായ സ്നേഹവർഷമാണ് ഇതിന്റെ ഉൾപ്പൊരുൾ. ഇങ്ങനെ കരുതപ്പെടുന്ന വ്യക്തിയും സമൂഹവും ബാഹ്യമായും (ശരീരത്തിലും) ആന്തരികമായും (മാനസിക - ആത്മീക തലങ്ങളിലും) സൗഖ്യമുള്ളവരായി മാറുന്നു. യേശു കൂടെ വസിക്കുന്നതിനാൽ ലഭിക്കുന്ന അനുഭവമാണിത്. അതിനാൽ ദൈവത്തിന്റെ വ്യക്തിയോടുള്ള സ്നേഹവും കൂടെപ്പാർക്കലും വ്യക്തിയെ പൂർണ്ണതയിലേക്ക് (സൗഖ്യത്തിലേക്ക്) നയിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം മേൽ വിവരിച്ച പൂർണ്ണതയുടെ അടിസ്ഥാനമാകുന്നു.

2. **വിശ്വസിക്കുന്നവരെ ദൈവം സൗഖ്യമാക്കുന്നു (മർക്കൊ.2:1-12)**

യേശു, പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നതിന്റെ അടിസ്ഥാനം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. പാപവും രോഗവും തമ്മിലുള്ള ബന്ധ

ത്തെക്കുറിച്ച് നൽകുന്ന ഉൾക്കാഴ്ച ഈ സംഭവത്തിലൂടെ ശരിയാണെന്ന് അംഗീകരിക്കപ്പെടുന്നു. കഫർന്നഹൂമിൽ യേശു ഉണ്ട് എന്നറിഞ്ഞ് എത്തിയ ജനത്തോടുള്ള യേശുവിന്റെ മനസ്സലിവ് സ്വാഭാവികമാണല്ലോ? യേശു അവരോട് തിരുവചനം പ്രസ്താവിച്ചു. **യേശുവിന്റെ അടുക്കൽ പക്ഷവാതക്കാരനെ കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ട് യേശു അവന് പൂർണ്ണത നൽകുന്നു.** പാപത്താൽ അപൂർണ്ണനായിരുന്ന (രോഗിയായിരുന്ന) വ്യക്തിയോടുള്ള സമീപനം അവന് ആളത്വമാറ്റത്തിലേക്ക് നയിക്കുന്നു. ദൈവം അകൃത്യവും സകലരോഗങ്ങളും സൗഖ്യമാക്കുന്നു (സങ്കീ.103:3) എന്ന് സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നു.

മകനേ, നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു (മർക്കൊ.2:5) എന്ന യേശുവിന്റെ വാക്കുകൾ വ്യക്തിയോടുള്ള സ്നേഹവും താൻ ദൈവമാണെന്ന ആധികാരികമായ പ്രഖ്യാപനവുമാണ്. ഇവരോടുള്ള കരുതൽ ശുശ്രൂഷയിലും വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന സൗഖ്യത്തിലും സന്തോഷമില്ലാത്തവർ അന്നും ഇന്നും ഉണ്ട്. യേശുവിനോടുള്ള ശാസ്ത്രിമാരുടെ പ്രതികരണം സൂചിപ്പിക്കുന്നത് ഇതുതന്നെയല്ലേ? ദൈവസ്നേഹത്താലും കരുതലിനാലും ശാരീരിക-മാനസിക-ആത്മീക ബന്ധനത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുന്നത് അംഗീകരിക്കുന്നതിന് കഴിയാത്തവർ നമ്മുടെ ചുറ്റും കുറവല്ല. നമ്മുടെ പാപങ്ങൾക്ക് ഒത്തവണ്ണം നമ്മോട് പകരം ചെയ്യാത്തവനാണ് ദൈവം എന്ന വസ്തുത ഇക്കൂട്ടർ ഓർക്കുന്നില്ല. ഇവരോട് പ്രതികരിക്കുന്നതിന് ആധികാരിക ബന്ധം വേണം. പുത്രനായ യേശുവിന് പിതാവായ ദൈവവുമായുള്ള ബന്ധം സൗഖ്യദാനത്തിനുള്ള അധികാരമായി കാണുന്നു. അതുപോലെ നമുക്ക് മറ്റുള്ളവരോടുള്ള കരുതൽ ശുശ്രൂഷയിൽ അധികാരമുണ്ടാകുന്നതിന് ക്രിസ്തുവുമായുള്ള നിരന്തരബന്ധം കൂടിയേ തീരൂ.

സൗഖ്യം ഏതുവിധത്തിലുള്ളതായാലും ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ നമുക്കും സ്നേഹത്തോടെ സൗഖ്യദായക ശുശ്രൂഷയുടെ ചാലകങ്ങളാകുന്നതിന് ദൈവത്തോടുള്ള ബന്ധത്തിൽ വസിക്കുകയും വളരുകയും ചെയ്യാം.

***The only ones among you who will be really happy are those who will have sought and found how to serve.***
***- Albert Schweitzer***

# സൗഖ്യദായക ശുശ്രൂഷ

ഡോ. വില്യം ജോൺ, മലയിൻകീഴ്

ഈ ലോകത്തിൽ ഒരു ഡോക്ടർക്കും ഒരു രോഗിക്ക് സൗഖ്യം നൽകുവാൻ കഴിയുകയില്ല. ഡോക്ടർമാർക്ക് ചികിത്സിക്കുവാൻ കഴിയും. എന്നാൽ സൗഖ്യം നൽകുന്നത് യേശുകർത്താവാണ്. യേശുവിന് മാത്രമേ പൂർണ്ണമായ സൗഖ്യം നൽകാൻ കഴിയൂ. ലോകപ്രകാരമുള്ള എന്തെങ്കിലും വഴികളിലൂടെ ഓടിനടന്ന് സമ്പത്തും സമയവും ഒക്കെ ചെലവഴിച്ച് കുറുക്കുവഴികളിലൂടെ ചിലപ്പോഴൊക്കെ നമ്മൾ നേടിയെടുത്തു എന്ന് അഭിമാനിക്കാറുള്ള താൽക്കാലികമായ സൗഖ്യം ഒരു വലിയ ദുരന്തത്തിന്റെ ആരംഭമായിരിക്കും. ദൈവീക സൗഖ്യം മാത്രമാണ് പൂർണ്ണമായുള്ളത്. ദൈവം സൗഖ്യദായകനാണ് എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. ഞാൻ സൗഖ്യമാക്കുന്ന യഹോവയാകുന്നു എന്നും (ദൈവം) നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു എന്നും യേശുവിന്റെ അടിപിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ദൈവത്തിന്റെ കൽപ്പനകളും ചട്ടങ്ങളും പ്രമാണിച്ച് ദൈവവഴിയിലൂടെ നടന്നാൽ ഈ രോഗങ്ങളിൽ ഒന്നും തന്നെ നമ്മെ ബാധിക്കുകയില്ല എന്ന മുന്നറിയിപ്പും കാണുവാൻ കഴിയും.

ഇന്നത്തെ രോഗങ്ങളിൽ ഭൂരിഭാഗവും മനുഷ്യന്റെ ചെയ്തികളിൽ നിന്നുണ്ടാകുന്നതാണ്. അമിതമായ ആഗ്രഹങ്ങളും, ജീവിതസൗകര്യങ്ങളും, പ്രകൃതി ചൂഷണങ്ങളും, അമിതാഹാരങ്ങളും ഒക്കെ രോഗാതുരമായ ലോകത്തെ സൃഷ്ടിക്കുകയാണ്. ഇവിടെയാണ് കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷ അത്യാവശ്യമാകുന്നത്. ഈ ശുശ്രൂഷയുടെ ചാലകങ്ങളായി വർത്തിക്കുവാൻ ഓരോ വിശ്വാസിക്കും കഴിയണം. യേശു രോഗികളെ വാക്കുകൾ കൊണ്ടും സ്പർശനം കൊണ്ടും പിന്നെ തുപ്പൽ, ചേറ് മുതലായ മാധ്യമങ്ങളിലൂടെയും സൗഖ്യമാക്കി. എന്നാൽ ഇന്ന് സൗഖ്യദായക ശുശ്രൂഷ വെറും ആദായസൂത്രമായി മാറിയിരിക്കുന്നു. മനസ്സലിവോടും സ്നേഹത്തോടും ദയയോടും കൂടി സമയവും കാലവും നോക്കാതെ ചെയ്യേണ്ട ശുശ്രൂഷ ചിലർക്ക് കേവലം ധനം സമ്പാദിക്കാനുള്ള വഴി മാത്രമാണ്. കടന്നുവരുന്ന ആവശ്യക്കാരന്റെ വേദനകളെ അല്ല, മറിച്ച് പോക്കറ്റിന്റെ ഘനത്തെനോക്കി ചികിത്സിക്കുന്നവരുടെ എണ്ണം പെരുകുകയാണ്. സേവനത്തിന്റെ പേർ പറഞ്ഞ് കൊള്ള ലാഭത്തിനായി കഴുകൻ കണ്ണുമായി കാത്തിരിക്കുകയാണ്.

വടക്കേ ഇന്ത്യയിലെ കൊച്ചുകൊച്ചു ഗ്രാമങ്ങളിൽ അപരിഷ്കൃതരായ ജനത്തിന്റെ വേദനകളിൽ പങ്കുചേർന്ന് ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും മദ്ധ്യത്തിൽ ജീവിതം ഹോമിക്കുന്ന ഒരുപിടി ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും കാണുമ്പോഴാണ് കർത്താവിന്റെ വാക്കുകളുടെ അർത്ഥവും ആഴവും മനസ്സിലാക്കാൻ കഴിയുന്നത്. സർക്കാർ ജോലിയിൽ നിന്നും ഭീമമായ തുക പെൻഷൻ കിട്ടിയാലും മിഷൻ ആശുപത്രികളിൽ ലക്ഷങ്ങൾക്ക് വേണ്ടി കടിപിടി കൂടുന്നവരെ കാണുമ്പോൾ ലജ്ജ തോന്നുന്നു. ദൈവം തന്ന മക്കളെ വളർത്തി പഠിപ്പിച്ച് ദൈവകൃപയാൽ ഒരു നല്ല നിലയിൽ എത്തിച്ചു കഴിഞ്ഞാലെങ്കിലും ധനത്തോടുള്ള ആർത്തി പലർക്കും കുറയ്ക്കുവാൻ കഴിയുന്നില്ല.

പണ്ട് വിക്കനും ചെകിടനുമായ ഒരു മനുഷ്യനോട് യേശു പറഞ്ഞ വാക്യം ഇന്ന് നമ്മോട് പറയുകയാണ് 'എഫഥാ'-തുറന്നു വരിക. വേദനിക്കുന്നവന്റെ നിലവിളി കേൾക്കുവാൻ അവൻ അനുഭവിക്കുന്ന കഷ്ടതകൾ കാണുവാൻ, അവന്റെ അരികിൽ ചെന്ന് അവനെ തലോടി, എണ്ണയും വീഞ്ഞും പകർന്ന് ആശ്വസിപ്പിക്കുവാൻ നമ്മുടെ കാതുകളും, കണ്ണുകളും, കരങ്ങളും തുറക്കപ്പെടണം. നമ്മുടെ വാക്കുകൾ കൃപയോട് കൂടിയതാകുവാൻ നമ്മുടെ അധരങ്ങൾ ശുദ്ധീകരിക്കപ്പെടണം. നമ്മുടെ വാക്കുകളിലൂടെ, സ്പർശനത്തിലൂടെ, പ്രവർത്തനങ്ങളിലൂടെ ജനം ആശ്വാസം പ്രാപിക്കണം. അതിന് യേശുവെപ്പോലെ ആകുവാൻ - എന്നു പാടിയാൽ പോരാ, അത് ജീവിതത്തിൽ യാഥാർത്ഥ്യമാകണം. യേശുവിന്റെ ഭാവം ഉൾക്കൊള്ളുവാൻ കഴിയണം.

രാജാവായി താൻ അഭിഷേകം ചെയ്യപ്പെട്ടിട്ടും ദാവീദിനെ കൊല്ലുവാനായി ശൗൽ രാജാവ് ഒരു വേട്ടപ്പട്ടിയെപ്പോലെ അവന്റെ പിന്നാലെ ഓടിനടന്നു. എന്നാല ശൗൽ കൊലചെയ്യപ്പെട്ടതിനു ശേഷം സിംഹാസനത്തിൽ ഇരുന്ന ദാവീദ് രാജാവ് ആദ്യമായി അന്വേഷിക്കുന്നത് തനിക്ക് ദൈവത്തിന്റെ ദയകാണിക്കുവാൻ ശൗലിന്റെ കുടുംബത്തിൽ ആരെങ്കിലും ഉണ്ടോ എന്നാണ്. വികലാംഗനായ ഒരു യുവാവിനെ ജീവിതകാലം മുഴുവൻ അരമനയിൽ താമസിപ്പിച്ച് ശുശ്രൂഷിക്കുവാൻ മനസ്സുകാണിച്ച ദാവീദ് ദൈവത്തിന് ബോധിച്ച പുരുഷനായി മാറി. സൗഖ്യദായക ശുശ്രൂഷ കേവലം ആശുപത്രികളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇന്ന് സൗഖ്യം ആവശ്യമുള്ളവരുടെ നിലവിളി കേൾക്കുവാൻ കഴിയും. ദൈവത്തിന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന ജനമായ നമ്മൾ നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തി ദുർമാർഗ്ഗങ്ങളെ ഉപേക്ഷിച്ച് ദൈവത്തോട് നിലവിളിക്കുമ്പോൾ ദൈവം നമ്മുടെ ദേശത്തിന് സൗഖ്യം നൽകും. അതിനായി ദൈവം ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ ഒരു ഡോക്ടറുടേതായാലും, ഒരു

അധ്യാപകന്റേതായാലും, ഒരു തൂപ്പുകാരന്റേതായാലും അത് ദൈവഹിതപ്രകാരം ദൈവനാമമഹത്വത്തിനായി ചെയ്യുവാൻ കഴിയണം.

ഇന്ന് വേദന അനുഭവിക്കുന്നവന്റെ നിലവിളി നമ്മുടെ ചുറ്റും ഉയരുകയാണ്. ഫൈലിൻ കൊടുങ്കാറ്റ് ഒറീസയുടെ തീരങ്ങളിൽ ആഞ്ഞടിച്ചപ്പോൾ അനേകർ അഭയാർത്ഥി ക്യാമ്പുകളിലായി. കഴിഞ്ഞ ദിവസംവരെ രാജകീയ സുഖത്തോടെ പ്രൗഢിയിൽ കഴിഞ്ഞിരുന്ന ഒരു ധനാഢ്യനായ മനുഷ്യൻ ഒരു കഷ്ണം റൊട്ടിക്ക് വേണ്ടി ക്യൂവിൽ നിന്ന് നിലവിളിക്കുന്ന ദൃശ്യം മാധ്യമങ്ങളിൽ നമ്മൾ കണ്ടതാണ്. അതിനാൽ ഇനിയും ദൈവത്തെ കബളിപ്പിക്കുവാൻ ശ്രമിക്കാതെ കർത്താവ് നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഈ ശുശ്രൂഷ, സൗഖ്യദായക-ആശ്വാസദായക ശുശ്രൂഷ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും കർത്താവിന് പ്രസാദകരമായി നിറവേറ്റാം.



# പ്രതിവാര ധ്യാനം

## ഫെബ്രുവരി, 2014

ഫെബ്രുവരി 02, 2014, ഒന്നാം ഞായർ

വിഷയം: **ദേവാലയത്തിൽ യേശുവിനെ സമർപ്പിക്കുന്നു**

1.ശമു.1:19-28, സങ്കീ.118:19-29, റോമ.11:33-12:2, ലൂക്കൊ.2:22-40

ഫെബ്രുവരി 09, 2014, സൗഖ്യദായക ഞായർ

വിഷയം: **കരുണാർദ്രമായ സ്നേഹവും സൗഖ്യവും**

യെശ.42:1-9, സങ്കീ.103:1-14, യാക്കോ.5:13-18, മർക്കൊ.7:31-37

ഫെബ്രുവരി 16, 2014, മൂന്നാം ഞായർ

വിഷയം: **സൃഷ്ടിയുടെ പൂർത്തീകരണമായ ശബത്ത്**

യെശ.65:17-25, സങ്കീ.8, എബ്രാ.4:2-13, മർക്കൊ.2:23-28

ഫെബ്രുവരി 23, 2014, നാലാം ഞായർ

വിഷയം: **സൃഷ്ടിയുടെ ഉദ്ദേശ്യങ്ങളുടെ ലംഘനമായ വീഴ്ച**

ഉൽപ്പ.6:1-13, സങ്കീ.32, റോമ.7:14-25, മത്താ.7:15-23

***Prayer is not instructing God in his duties or ordering from him what we want. It is cooperating with him in fulfilling his purposes to which we must humbly submit. - Belfry Trust Newsletter***

# അപകടത്തിൽ താങ്ങിയ കർത്താവ്

ദീപ സൈറസ്



"കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോട് കൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കും." ഇത് എന്റെ ജീവിത സാക്ഷ്യം. ഈ തിരുവചന സത്യം അക്ഷരാർത്ഥത്തിൽ ഞാൻ അനുഭവിച്ചു.

ദൈവത്തിന്റെ വിശ്വസ്തത തെളിയിച്ച ഒരു സംഭവം എന്റെ ജീവിതത്തിൽ ഉണ്ടായി. ഞാൻ അഞ്ചൽ എന്ന സ്ഥലത്ത് ബാങ്കിൽ ജോലി ചെയ്തിരുന്ന സമയം. 2013 ജൂലൈ മാസം 15-ാം തീയതി തിങ്കളാഴ്ച രാവിലെ ഞാൻ ജോലി സ്ഥലത്തേക്ക് പോകുന്നതിന് ബസ്സിൽ യാത്ര തിരിച്ചു. സ്ഥിരമായി ഒരു സഹപ്രവർത്തകയുടെ കാറിൽ യാത്ര ചെയ്തിരുന്ന ഞാൻ അന്ന് ബസ്സിൽ യാത്ര ചെയ്യേണ്ടതായി വന്നു. ചടയമംഗലം എന്ന സ്ഥലത്ത്വെച്ച് എതിർദിശയിൽ നിന്നു വന്ന ഒരു പ്രൈവറ്റ് ബസ്സ് ഞാൻ യാത്ര ചെയ്ത ബസ്സിൽ വന്നിടിച്ചു.

5 പേർ മരണമടയുകയുണ്ടായി. അനേകം പേർ അപകടത്തിൽപ്പെട്ടു. രണ്ടുപേരുടെ നില 'അതീവ ഗുരുതരം' എന്ന് വിലയിരുത്തി. അതിൽ ഒരു വ്യക്തി ഞാനായിരുന്നു. മറ്റേയാൾ ഈ ലോകത്തോട് വിടപറഞ്ഞു. ബസ്സ് യാത്രയ്ക്കിടയിൽ ഉറങ്ങിപ്പോയ ഞാൻ സംഭവിച്ചതൊന്നും അറിഞ്ഞിരുന്നില്ല. എങ്കിലും ഉണർന്നുനോക്കുമ്പോൾ ബസ്സപകടം എന്ന് മനസ്സിലായി. ജനാലയ്ക്കരികിൽ ഇരുന്നതുകൊണ്ട് എന്റെ വലതുഭാഗത്ത് കൂടി ബസ്സ് വന്നിടിക്കുകയായിരുന്നു.

അപകടസമയത്ത് അതുവഴി കാറിൽ കടന്നുപോയ ഒരപരിചിതൻ എനിക്ക് 'നല്ല ശമരിയാക്കാര'നായി മാറി. അദ്ദേഹത്തിന് ഞാൻ വീട്ടിലെ ഫോൺ നമ്പർ പറഞ്ഞുകൊടുത്തു. ആ കാറിൽ എന്നെയും മറ്റുരണ്ടു പേരെയും കയറ്റി ഏറ്റവും അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു. അപകടത്തെത്തുടർന്ന് എന്റെ ശരീരത്തിൽ നിന്നും രക്തം വളരെയധികം വാർന്നുപൊയ്ക്കൊണ്ടിരുന്നു.

ആശുപത്രിയിൽ എന്റെ ബ്ലഡ്ഗ്രൂപ്പായ ഒ നെഗറ്റീവിന്റെ ഒരു കുപ്പി രക്തം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ജീവൻ നിലനിർത്താൻ തീർത്തും അപര്യാപ്തമായിരുന്നു. ഈ സമയത്ത് ദൈവനിയോഗം

പോലെ ഒരുകൂട്ടം വിദ്യാർത്ഥികൾ രക്തദാനം ചെയ്യുവാൻ ആശുപത്രിയിൽ വന്നുചേർന്നു. അതിൽ രണ്ടുപേർ ഒ നെഗറ്റീവ് ബ്ലഡ്ഗ്രൂപ്പ് ഉള്ളവരായിരുന്നു. അങ്ങനെ 3 ബോട്ടിൽ രക്തം നൽകിക്കൊണ്ട് എന്നെ കൂടുതൽ സൗകര്യമുള്ള മറ്റൊരാശുപത്രിയിലേക്ക് മാറ്റി. അവിടെയുള്ള നൂതന ചികിത്സ എനിക്ക് ലഭിച്ചു. എങ്കിലും ധാരാളം രക്തം വാർന്നു പോയതുകൊണ്ടുള്ള കോംപ്ലിക്കേഷൻ കാരണം ബ്ലഡ് പ്രഷർ താഴ്ന്നു. പൾസ് കിട്ടാനില്ലെന്ന അവസ്ഥയിലേക്ക് നീങ്ങി, ജീവൻ നിലനിർത്തുവാനുള്ള പ്രതീക്ഷകൾ മങ്ങിത്തുടങ്ങി.

ഈ സമയത്ത് നമ്മുടെ സഭയിലേയും പുറത്തുമുള്ള വിശ്വാസികളും, യംഗ് ഫാമിലി ഫെല്ലോഷിപ്പ് അംഗങ്ങളും ഒത്തൊരുമിച്ച് എന്റെ സൗഖ്യത്തിനായി ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. തുടർന്നും നിരന്തരമായി പ്രാർത്ഥിക്കുവാനുള്ള വാഞ്ഛ ഏവരുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവ് നൽകി. "നീതിമാന്റെ ശ്രദ്ധയോട് കൂടിയ പ്രാർത്ഥന വളരെ ഫലിക്കും" എന്ന് വേദപുസ്തകം പറയുന്നു. സഭയുടെ പ്രാർത്ഥനകൾക്ക് മറുപടിയായി കർത്താവ് എന്റെ അവസ്ഥയ്ക്ക് മാറ്റംവരുത്തി. ജീവൻ തന്നെ അപകടത്തിലായിരുന്ന അവസ്ഥയിൽ നിന്ന് ദൈവം എന്നെ കരകയറ്റി. ഒരു കാൽ മാത്രം നഷ്ടമായ എന്നെ, കൃത്യം ഒരുമാസത്തിനുള്ളിൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തു. നാലു മാസത്തിനു ശേഷം ഞാൻ കൃത്രിമ കാലുമായി ജോലിയിൽ തിരികെ പ്രവേശിച്ചു. എനിക്കായി പ്രാർത്ഥിച്ചവരെയും എന്നെ ശുശ്രൂഷിച്ചവരെയും, എനിക്കായി രക്തം ദാനം നൽകിയവരെയും മറ്റുരീതിയിൽ സഹായിച്ചവരെയും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഞാൻ മനഃപ്പാഠമാക്കിയ തിരുവചനങ്ങളും, ഹൃദിസ്ഥമാക്കിയ ക്രിസ്തീയ ഗാനങ്ങളും ആശുപത്രിയിലെ ഏകാന്തത മറികടക്കുവാൻ എന്നെ വളരെയധികം സഹായിച്ചു. പരസഹായം കൂടാതെ ഒരിഞ്ചു പോലും ചലിക്കുവാനോ അനങ്ങുവാനോ പറ്റാതിരുന്ന ആ സമയത്ത്, 'യേശു എന്റെ കരം പിടിച്ചിരിക്കുന്നു' എന്ന് എനിക്ക് ബോദ്ധ്യമായി. **'ദൈവം വിശ്വസ്തനാണ്, ദൈവവചനം വിശ്വാസയോഗ്യമാണ്' എന്നതിന് എന്റെ ജീവിതം സാക്ഷിയാകുന്നു.** ലോകത്തിന്റെ കണ്ണുകൾക്ക് അദൃശ്യമായ ഒരു ശക്തി, നമ്മുടെ ശക്തിഹീനതകളിൽ തികഞ്ഞുവരുന്നുണ്ട്. അതുകൊണ്ട് നമുക്ക് നമ്മുടെ ബലഹീനതകളിൽ പ്രശംസിക്കാം. ജീവിതപോരാട്ടത്തിനാവശ്യമായ ദൈവീകശക്തിയുടെ സംഭരണികളാണിവ. ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ.

'നന്ദി കൊണ്ടെന്റെ ഉള്ളം നന്നേ നിറയുന്നേ
സന്നാഹമോടെ സ്തുതി പാടീടുന്നേൻ - ദേവാ'

# യേശുനൽകിയ അത്ഭുതസൗഖ്യം

എസ്.ജി. ജോൺ



ഏകദേശം 2008 അടുപ്പിച്ച് എനിക്ക് കാര്യമായി ഇടയ്ക്കിടെ വയറുവേദന ആരംഭിച്ചു. ഇടയ്ക്കിടയ്ക്ക് ഞാൻ ഛർദ്ദിക്കുവാൻ തുടങ്ങി. ഛർദ്ദിൽ കൂടുതലായപ്പോൾ ആശുപത്രിയിൽ കൊണ്ടുപോയി ഡ്രിപ്പെടുത്തു. ആഹാരമൊന്നും കഴിക്കാൻ പറ്റാത്ത സ്ഥിതിയായി. എന്റെ ശരീരം വളരെ ഉണങ്ങിപ്പോവുകയും ക്രമേണ ഞാൻ രക്തം ഛർദ്ദിക്കുവാനും തുടങ്ങി. കൂടാതെ ഗ്യാസിന്റെ പ്രശ്നം എന്നെ വല്ലാതെ അലട്ടി. എന്റോസ്കോപ്പിയിൽ കൂടി വയറ്റിൽ മുഴയുണ്ടെന്നറിഞ്ഞു. ആദ്യം ചില ഡോക്ടർമാർ പറഞ്ഞത് കുഴപ്പമൊന്നുമില്ലെന്നാണ്. ബയോപ്സി ചെയ്തെങ്കിലും എന്താണെന്നോ, എന്തു ചെയ്യണമെന്നോ മനസ്സിലായില്ല. 99 ശതമാനവും ക്യാൻസറാണെന്ന് ഞാൻ വിശ്വസിച്ചു. 8 ആശുപത്രികളിൽ മാറി കാണിച്ചു. പാൻക്രിയാസ് എടുത്തുകളയണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ ശരീരത്തിൽ ട്യൂബുമിട്ട് ജീവിതകാലം മുഴുവൻ നരകയാതന അനുഭവിക്കേണ്ടിവരുമായിരുന്നു.

ഒടുവിൽ കിംസ് ആശുപത്രിയിൽ പോയി ഓപ്പറേഷൻ ചെയ്തു. വയറു തുറന്നപ്പോൾ ക്യാൻസറുമല്ല, ട്യൂമറുമല്ല, മുഴയുമല്ല, ഒരൽപ്പം വലിയ നീർക്കട്ടി മാത്രം. എന്തായാലും പാൻക്രിയാസിന് അടുത്തിരിക്കുന്നതിനാൽ ഒന്നുംചെയ്യാൻ പറ്റാത്ത അവസ്ഥ. ഡോക്ടർമാർക്ക് എന്തു ചെയ്യണമെന്ന് അറിയാതെ വയറ് തുറന്നുവെച്ചിട്ട് വെറുതെ നിന്നു. അവർ ഫോണെടുത്ത് എറണാകുളത്തുള്ള ലേക്ഷോർ ആശുപത്രിയിലെ ഡോക്ടറോട് വിവരങ്ങൾ ധരിപ്പിച്ച് മറുപടി ആരാഞ്ഞു. അദ്ദേഹം എല്ലാം കേട്ടതിന് ശേഷം ഒന്നും ചെയ്യണ്ട, വെച്ച് അടയ്ക്കാൻ പറഞ്ഞു. ഓപ്പറേഷന് ശേഷം അൽപ്പം ആശ്വാസമുണ്ടായി. കുറച്ച് ദിവസത്തേക്ക് ഇഢലിയും ചമ്മന്തിക്കറിയും കഴിക്കാൻ തുടങ്ങി. കഴിക്കുന്ന ആഹാരം ദഹിച്ചില്ലെങ്കിൽ വയറ്റിൽ അസഹനീയമായ വേദന അനുഭവപ്പെടുമായിരുന്നു. കുറച്ചുദിവസങ്ങൾക്കു ശേഷം വീണ്ടും ആഹാരം കഴിക്കാൻ പറ്റാത്ത അവസ്ഥയിലായി.

ഈ അവസ്ഥയിൽ എന്നെ തിരിച്ചറിയാൻ തന്നെ പലർക്കും പ്രയാസമായി. അത്രത്തോളം ഞാൻ ശോഷിക്കുകയും ക്ഷീണിതനാവുകയും ചെയ്തു. പല മേഖലയിലുള്ള എന്റെ വിദ്യാർത്ഥികളും (പോളിയോ ഹോം, ഗേൾസ് ബോർഡിംഗ് ഹോം മുതലായ സ്ഥാപനങ്ങളും), എം. എം.ചർച്ചിലെ സഭാംഗങ്ങൾ, അങ്ങനെ നിരവധിപേർ എനിക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. എന്റെ ശരീരം ഒന്നുചെറുതായി അനങ്ങിയാൽ മതി ഗ്യാസ് വന്ന് ഞാൻ അവശനായി കഠിനവേദനയാൽ അബോധാവസ്ഥ പോലെ ആകുമായിരുന്നു. രോഗത്തിന്റെ കാഠിന്യാവസ്ഥയിൽ എനിക്ക് മരിച്ചാൽമതി എന്ന് ഞാൻ ഉറക്കെ വിളിച്ച് കരയുമായിരുന്നു. അത് കണ്ട് എന്റെ വീട്ടുകാരെല്ലാം എന്നോടൊപ്പം കരയുമായിരുന്നു.

2010–ൽ ഒരു സുവിശേഷ പ്രവർത്തകൻ കവടിയാർ സാൽവേഷൻ ആർമി ഗ്രൗണ്ടിൽ കൺവെൻഷൻ നടത്തുകയുണ്ടായി. ആ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്ത എനിക്ക് അത്ഭുതസൗഖ്യം ലഭിച്ചു. പ്രാർത്ഥന കഴിഞ്ഞ് സുഖവിവരം പരിശോധിക്കാൻ അദ്ദേഹം പറഞ്ഞപ്പോൾ എന്റെ ശരീരം ഇഷ്ടാനുസരണം ചലിപ്പിക്കാൻ സാധിച്ചു. സുഖമുള്ള ഒരാളെപ്പോലെ പ്രാർത്ഥന കഴിഞ്ഞ നിമിഷം എനിക്ക് ശരീരം ചലിപ്പിക്കാൻ പറ്റി. സ്റ്റേജിൽ വന്ന് സാക്ഷ്യം പറയുവാൻ അദ്ദേഹം പറഞ്ഞു. ഞാൻ പൊക്കമുള്ള സ്റ്റേജിൽ നിഷ്പ്രയാസം കയറിച്ചെന്നു. പൊട്ടിക്കരഞ്ഞു കൊണ്ട് ഞാൻ സാക്ഷ്യം പറഞ്ഞു. എന്റെ കരച്ചിൽ കണ്ട് അദ്ദേഹം എന്നെ കെട്ടിപ്പിടിച്ച് ആശ്വസിപ്പിച്ചു. മാസങ്ങളായി ഡ്രിപ്പും, മരുന്നും മറ്റുമായി കഴിഞ്ഞ ഞാൻ സുഖമായതിന് പിറ്റേദിവസം മുതൽ മാംസാഹാരം സഹിതം കഴിക്കാൻ തുടങ്ങി. തുടർന്ന് പലസ്ഥലത്തും ഞാൻ എന്റെ അനുഭവസാക്ഷ്യം പങ്കുവെച്ചപ്പോൾ എന്റെ മനസ്സിന്റെ പ്രയാസംകൊണ്ട് ഞാൻ കരഞ്ഞുപോയി. തുടർന്നും എനിക്ക് മറ്റുള്ളവർക്ക് വേണ്ടി ഓടിനടന്ന് പ്രവർത്തിക്കാൻ ദൈവം കൃപതന്നു. എന്റെ അമ്മയും ഭാര്യയും മക്കളും എന്നെ ഇടവിടാതെ ശുശ്രൂഷിച്ചു. അനേകർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്നെ ധൈര്യപ്പെടുത്തുകയും ചെയ്തു. 'അവശരെ സഹായിക്കുക' എന്ന എളിയ ദൗത്യവുമായി വിവിധ പ്രവർത്തനങ്ങളിലൂടെ മുമ്പോട്ട് പോകുവാൻ ദൈവം ഇന്നും അവസരം നൽകിയിരിക്കുന്നു. ദൈവം നൽകിയ ഈ വലിയ വിടുതലിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

'മന്നിടത്തിലടിയൻ ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരുനാമത്തിനു – ദേവാ'

# ക്യാൻസറിൽ നിന്നും അത്ഭുതവിടുതൽ

**അഡ്വ. സർജിൻ തോമസ്**



പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന, കണ്ണീരിനെ മറികടക്കാത്ത ഒരു ദൈവമാണ് എന്റെ ദൈവം എന്ന് ജീവിതാനുഭവത്തിൽ നിന്ന് മനസ്സിലാക്കുവാൻ കർത്താവ് എനിക്ക് ഒരവസരം നൽകി. എന്റെ ജീവിതത്തിൽ കടന്നുവന്ന രോഗം എന്നെ എന്റെ രക്ഷിതാവിലേക്ക് അടുപ്പിക്കുവാൻ, അവന്റെ സ്നേഹം അനുഭവിക്കുവാൻ, ജീവിതത്തിലെ നശ്വരതയെ അറിയുവാൻ, ജനനത്തിന്റെ അർത്ഥവും, പദ്ധതിയും, അതിന്റെ ഉദ്ദേശ്യവും മനസ്സിലാക്കുവാൻ സഹായിച്ചു എന്ന് എനിക്ക് നിസ്സംശയം പറയുവാൻ സാധിക്കും. രോഗം ഏതൊരു ജഡത്തെയും പിടിച്ചുകുലുക്കും. മരണം ആരെയും കീഴ്പ്പെടുത്തും; അതിന്റെ മുന്നിൽ പകച്ചുനിൽക്കാനേ കഴിയൂ എന്നും എനിക്ക് മനസ്സിലായത് എന്റെ ജീവിതത്തിൽ ക്യാൻസർ എന്ന രോഗം വന്നപ്പോഴാണ്.

2012 ജൂൺ മാസം എനിക്ക് അസഹനീയമായ നടുവേദന ഉണ്ടായി. വഞ്ചിയൂരിന് സമീപമുള്ള ഒരു ആയുർവ്വേദ വൈദ്യശാലയിൽ തിരുമ്മാൻ പോയെങ്കിലും വേദനയ്ക്ക് കുറവുണ്ടായില്ല. തുടർന്ന് വയറുവേദന ആരംഭിക്കുകയും ഞാൻ ഡോക്ടറിനെ കാണിക്കുകയും ചെയ്തു. വൻകുടലിന്റെ ഭിത്തി കല്ലിച്ചിരിക്കുകയാണെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം എനിക്ക് ഒരാഴ്ചത്തെ മരുന്ന് തന്നു. എന്നാൽ എന്റെ വേദനയ്ക്ക് യാതൊരു കുറവുമുണ്ടായില്ല. തുടർന്ന് അൾട്രാസൗണ്ട് സ്കാൻ എടുത്ത് നോക്കിയപ്പോൾ വയറിലെ Lymphnodes വീർത്തിരിക്കുന്നതായി കാണപ്പെടുകയും അതിനുകാരണം ടി.ബി.യോ ക്യാൻസറോ ആകാം എന്ന റിപ്പോർട്ട് നൽകുകയും ചെയ്തു. ഈ റിപ്പോർട്ട് എന്റെ കൈയ്യിൽ ലഭിക്കുമ്പോൾ എന്റെ രണ്ടാമത്തെ മകൾക്ക് രണ്ടുദിവസമേ പ്രായമുള്ളൂ. എന്റെ ഭാര്യ സിസേറിയനെത്തുടർന്ന് ആശുപത്രിയിലും. ക്യാൻസർ രോഗമാകാം എന്ന സൂചന കേട്ടപ്പോൾ തന്നെ എന്റെ കണ്ണിലേക്ക് ഇരുട്ടുകയറുന്നതുപോലെ തോന്നി. എന്നാൽ ഡോക്ടർ ഈ പ്രായത്തിലൊന്നും (എനിക്കപ്പോൾ 31 വയസ്സായിരുന്നു) ക്യാൻസർ വരില്ലെന്ന് പറഞ്ഞുകൊണ്ട് ടി.ബി. ടെസ്റ്റ് ചെയ്യുവാൻ അയച്ചു. ടി.ബി. ഉണ്ടോ, ഇല്ലയോ എന്നറിയുന്ന mandox ടെസ്റ്റ് എടുത്തപ്പോൾ പോസിറ്റീവ് റിസൽട്ട് വരികയും എന്റെ വയറുവേദനയ്ക്ക് കാരണം ഇന്റസ്റ്റൈനൽ ടി.ബി എന്ന അനുമാനത്തിൽ ചികിത്സ ആരംഭിക്കുകയും ചെയ്തു. ആഴ്ചയിൽ മൂന്ന് ദിവസം മാത്രം കഴിക്കേണ്ടിയിരുന്ന ടി.ബി.യുടെ മരുന്നുകൾ എല്ലാദിവസവും കഴിക്കുവാൻ ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു. ഒരുമാസം വേദന കടിച്ചമർത്തി ടി.ബി.യുടെ മരുന്നുകൾ കഴിച്ചെങ്കിലും യാതൊരു വ്യത്യാസവും ഉണ്ടായില്ല. ഇതേത്തുടർന്ന്

ഡോക്ടറുടെ നിർദ്ദേശപ്രകാരം സി.റ്റി.സ്കാൻ എടുത്തപ്പോൾ നട്ടെല്ലിൽ നിന്ന് തുടയിലേക്ക് പോകുന്ന psoas muscle-ൽ 6 x 7 x 9 സെന്റീമീറ്റർ വലുപ്പത്തിലുള്ള ട്യൂമർ കാണപ്പെടുകയും അത് Lymphoma എന്ന ക്യാൻസർ വിഭാഗത്തിൽപ്പെട്ടതാണെന്ന റിപ്പോർട്ട് തരികയും ചെയ്തു. ഈ റിപ്പോർട്ടുമായി ഡോക്ടറെ സമീപിച്ചപ്പോൾ 'സർജിൻ നേരെ വെല്ലൂരിലേക്ക് പൊയ്ക്കൊള്ളൂ' എന്നുമാത്രമാണ് മറുപടി. അടുത്ത ദിവസം തന്നെ വെല്ലൂരിലേക്ക് യാത്ര തിരിച്ചു. ഭാര്യയോടും ഒന്നരവയസ്സും, ഒരു മാസവും മാത്രം പ്രായമുള്ള മക്കളോടും യാത്ര പറഞ്ഞപ്പോൾ തിരികെ വരുമെന്ന് യാതൊരു ഉറപ്പും എന്റെ ഉള്ളിൽ ഉണ്ടായിരുന്നില്ല.

വെല്ലൂരിലെത്തി ചികിത്സയുടെ പ്രാരംഭമായി ബയോപ്സി നടത്തി ക്യാൻസർ സ്ഥിരീകരിക്കുകയും കീമോതെറാപ്പി വേണമെന്ന് ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങൾ ദൈവസ്നേഹത്തിന്റെയും കരുതലിന്റെയും, ദൈവീകനടത്തിപ്പിന്റെയം അനുഭവങ്ങൾ നിറഞ്ഞ ദിവസങ്ങളായിരുന്നു. കീമോതെറാപ്പിക്ക് വേണ്ടി അഡ്മിറ്റായപ്പോൾ എന്റെ റൂമിൽ എന്നെ വരവേറ്റത്, 'ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടിയുണ്ട്, ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലംകൈ കൊണ്ട് ഞാൻ നിന്നെ താങ്ങും' എന്ന യെശയ്യാവിന്റെ പ്രവചനപുസ്തകത്തിലെ വാക്യമായിരുന്നു. 5 ദിവസം ദൈർഘ്യമുള്ളതായിരുന്നു എന്റെ ഒരു കീമോതെറാപ്പി. എന്റെ ആദ്യ കീമോതെറാപ്പിയുടെ രണ്ടാം ദിവസം രാത്രി അവശനായി, ക്ഷീണിതനായി എന്റെ കിടക്കയിൽ കിടന്ന് ഞാൻ ദൈവത്തോട് ചോദിച്ചു, 'ദൈവമേ, എന്റെ ജീവിതത്തിൽ മാത്രം എന്താണിങ്ങനെ? ഞാൻ നിനക്ക് വേണ്ടി എന്തെല്ലാം ചെയ്തു'. നീ എനിക്ക് വേണ്ടി എന്തുചെയ്തു എന്നുചോദിക്കുന്ന കർത്താവിന്റെ സ്വരം എന്റെ ചെവിയിൽ കേട്ടു. നാളിതുവരെ ഞാൻ സഭയ്ക്ക് വേണ്ടിയും ദൈവത്തിനുവേണ്ടിയും ചെയ്തു എന്ന് പറയുന്ന എല്ലാ കാര്യവും ഞാൻ ഏറ്റുപറയുകയുണ്ടായി. പിന്നെയും കർത്താവ് എന്നോട് ക്രൂശിലേക്ക് നോക്കുവാൻ പറഞ്ഞു. ക്രൂശിതനായ ക്രിസ്തുവിനെ കണ്ടപ്പോൾ അന്നുവരെ തോന്നാത്ത സങ്കടം എന്റെ ഉള്ളിൽ തോന്നി. ഞാൻ കരയുവാൻ തുടങ്ങി. കരഞ്ഞുകൊണ്ട് ഞാൻ പറഞ്ഞു, 'നീ എന്നെ ഇത്രമാത്രം സ്നേഹിച്ചതെന്തിനാണ്? എന്റെ പാപമല്ലേ നിന്നെ കാൽവരി ക്രൂശിൽ തൂക്കിയത്. നീ എന്നെ സ്നേഹിച്ചത് പോലെ നിന്നെ സ്നേഹിക്കാൻ എന്റെ ജീവിതത്തിൽ ഒരവസരം നൽകണമേ എന്ന് പ്രാർത്ഥിച്ചു.' അന്നുമുതൽ എന്റെ ജീവിതത്തിൽ രോഗത്തിന്റെ ഭാരം, മരണത്തിന്റെ ഭയം, എല്ലാം വിട്ടുമാറി. ഓരോ ദിവസവും അത്ഭുതകരമാംവിധം ദൈവം എന്നെ നടത്തി.

ഭവനത്തിൽ നിന്ന് മാറി അന്യഭാഷക്കാരുടെ, അന്യദേശത്ത് സുഹൃത്തുക്കളില്ലാതെ, ബന്ധുക്കളുടെ സാന്നിദ്ധ്യമില്ലാതെ, ദൈവത്തിൽ മാത്രം ആശ്രയം വെച്ചുകൊണ്ട് ജീവിക്കേണ്ടിവന്ന മാസങ്ങൾ, അത് തീർത്തും ആനന്ദം നിറഞ്ഞതായിരുന്നു. എന്റെ സഭ ഒരുമിച്ച് എനിക്ക് വേണ്ടി

പ്രാർത്ഥിച്ചു. സഭയിലെ എല്ലാ ഭവനങ്ങളിലും എന്റെ രോഗം പ്രാർത്ഥനാ വിഷയമായി. എന്നെ അറിയുന്ന എല്ലാവരും എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. നാല് കീമോതെറാപ്പിയും, ഒരു സർജറിക്കും ശേഷം 2012 ഡിസംബർ 21–ാം തീയതി സ്കാൻ എടുത്തപ്പോൾ വെല്ലൂർ ആശുപത്രിയിലെ ക്യാൻസർ വിഭാഗം ചീഫ് ഡോക്ടർ രാജു ടൈറ്റസ് ചാക്കോ പറഞ്ഞു, 'Residual Tumor മസിലുമായി ചേർന്നിരിക്കുകയാണ്. അതുംകൂടി മാറ്റിയശേഷം ഒരു കീമോ കൂടി കഴിഞ്ഞാൽ ചികിത്സ പൂർത്തിയാകും. ക്രിസ്തുമസ് അവധി കഴിഞ്ഞ് ഓപ്പറേഷൻ തിയേറ്റർ തുറക്കുമ്പോൾ നിങ്ങൾ സർജറിക്ക് വേണ്ടി മടങ്ങിവരണം. 2013 ഫെബ്രുവരി മാസം ലേക്ഷോർ ആശുപത്രിയിലെ ക്യാൻസർ വിഭാഗം ചീഫ് ഡോ. ഗംഗാധരന് ഞാൻ എന്റെ മെഡിക്കൽ റിപ്പോർട്ട് അയച്ചു കൊടുത്തു. അദ്ദേഹം എന്റെ P.E.T scan എടുക്കണ മെന്നും അതു പോസിറ്റീവ് ആണെങ്കിൽ Residual Tumor നിർബ്ബന്ധമായും നീക്കം ചെയ്യണമെന്നും പറഞ്ഞു.

എറണാകുളത്തിന് സമീപമുള്ള അമൃതാ ഹോസ്പിറ്റലിൽ പോയി ഞാൻ P.E.T scan എടുക്കുകയും റിസൽട്ട് വന്നപ്പോൾ അത് പോസിറ്റീവ് ആണെന്ന് അറിഞ്ഞു. അതുകൊണ്ട് അവശേഷിച്ച ട്യൂമർ നീക്കംചെയ്യണ മെന്ന് ഗംഗാധരൻ ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ദൈവ ത്തിൽ അശ്രയിച്ചുകൊണ്ട് ഞാൻ സർജറി വേണ്ട എന്ന് തീരുമാനിക്കു കയും വിശ്വാസത്തിൽ മുന്നേറുകയും ചെയ്തു. 2013 ജൂലൈ മാസം എടുത്ത സ്കാൻ റിപ്പോർട്ടിൽ യാതൊരു ചികിത്സയും കൂടാതെ Residual Tumor പകുതിയിൽ കൂടുതൽ ചുരുങ്ങിയതായും കാണപ്പെട്ടു. ഇത്രത്തോളം സൗഖ്യം തന്ന് വഴിനടത്തി ജീവനുള്ളവരുടെ ദേശത്ത് എന്നെ സാക്ഷി യായി നിലനിർത്തിയിരിക്കുന്ന ദൈവത്തെ ഞാൻ സ്തുതിക്കുന്നു.

നാം വിചാരപ്പെട്ടതുകൊണ്ടു നമ്മുടെ ഒരു മുഴം കൂട്ടുവാനോ, കുറയ്ക്കുവാനോ നമുക്ക് സാധിക്കില്ല. നമ്മെ നിർമ്മിച്ച നമ്മുടെ ദൈവത്തിന് മാത്രമേ നമ്മുടെ രോഗങ്ങൾ തുടച്ചുനീക്കുവാൻ സാധിക്കുകയുള്ളൂ. അവന്റെ സന്നിധിയിൽ ചെല്ലുന്ന പ്രാർത്ഥന അവൻ കേൾക്കും. അവന്റെ സന്നിധിയിൽ വീഴുന്ന കണ്ണുനീർതുള്ളികൾ അവൻ തുരുത്തിയിൽ ശേഖരിക്കും, അവന്റെ സന്നിധിയിൽ ചിലവിടുന്ന ദിവസങ്ങളും, നിമിഷങ്ങളും നമുക്ക് ജീവൻ പകരുന്നതായിരിക്കും. ഇന്ന് ഞാൻ തിരിഞ്ഞുനോക്കുമ്പോൾ ആ ദിവസങ്ങളിലെ പല അനുഭവങ്ങളും ഹൃദയസ്പർശിയായി തോന്നും. ക്യാൻസർ ഉണ്ടെന്ന് അറിഞ്ഞ നിമിഷം, കീമോതെറാപ്പിയുടെ നാളുകൾ, വെല്ലൂരിലേക്കുള്ള യാത്ര, വെല്ലൂർ ചാപ്പലിൽ ഞാൻ ചിലവിട്ട നിമിഷങ്ങൾ, സർജറിക്ക് വേണ്ടി തിയേറ്ററിലേക്ക് കൊണ്ടുപോയ അനുഭവം അതെല്ലാം കഴിഞ്ഞ് ഇന്ന് ഇതെഴുതുമ്പോൾ പാട്ടുകാരൻ പാടിയ പാട്ടിന്റെ വരികൾ എന്റെ ഓർമ്മയിലേക്ക് വരുന്നു,

'നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം
നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ.'

## *From the Presbyter's desk*



Theme of the year

Pastoral Ministry in the Urban context

Sub:- Theme: Enabling the congregation to bear witness

Dearly beloved one in Christ,

Hearty greetings to each one of you in the most precious name of the Wounded Healer, Jesus Christ.

Golden verse of the month:

"Pure religion and underfiled before God and the Father is this, to visit the fatherless and widows in their affliction, and to keep himself unspotted from the world" (James 1:27)

പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു. (യാക്കോ 1:27)

There is a proverb about God's care and protection ie. God arms the harmless" which means God helps orphans, poor people and so on. One need not feel or grumble that he is an orphan or poor. God is there to protect all who are in need. St.James says that we are called and equipped to protect the needs of the people who are in problematic situations. Here, your role is to work with God in pure heart. James 1:27 tells us to set the mind on the spirit for the benefit and welfare of fatherless and the widows who are facing life struggles. In the last decades, a new challenge has occurred. The old age care and orphanage homes and institutions are not providing proper care for the old and orphans. During this time, not only widows but also oldage and orphans too are treated with negligence from the younger generation. There are about 81 millions of old people in India. The number of orphans or semi-orphans (The children without both parents or a single parent) is about twice the number of old age. The welfare of these people is very essential and important in the sight of God. The children of God have a bounden duty to visit them in their affliction. This will create sign of peace in their isolation.

James says that this kind of action will create a new status, a new identity and new hope as they become children of God. If we live in spirit, we will keep ourselves unspotted from the world. In this circumstance, we

most put to death ‘the deeds of the body’.   So, it would be easy to keep himself or herself unspotted from the world.   The spirit of God will enable his children to walk in the path of purity.  We have received, not the spirit of slavery, or spirit of bondage but the spirit adoption inspite of our sinfulness and unworthiness.  We the ‘No People’ have become God’s people and have gained the freedom to address God as “Abba father”, the right which God bestowed upon us.   By becoming the fellow heirs with Christ, we are called to suffer with him.   This will create an atmosphere of the Kingdom of God.

Jesus,  in his teaching, praised the Almighty father in Luke 10:21-24, that the Salvation was hidden for the ‘wise and learned’ , who reject the good news.   It was revealed to children, poor and despised in the society.   As of the world - today, the enormity of terrorism, oppression exploitation in all spheres exists, it “deteriorates the community life.    Now, as the representatives of Christ, we should act with the mind of Christ.   This will wipe our tears and empower us to the mission of good news.

‘The Epistle of James’ comes under the General Epistles.  The last seven letters - James, I peter and II peter, I John, II John, III John, Jude are called general epistles because they were not written for particular churches or persons.   The writer of this epistle, (James) is considered as the brother of our Lord and Saviour Jesus Christ.   Before the resurrection, the brothers (disciples) of Jesus did not believe in Him as the Messiah.   James was the Bishop of Jerusalem and occupied a prominent role in the Church.   He was the President of the Council of Jerusalem (Acts 15:13.   As a leader, he took a position to admit Gentiles in the Church (Acts 15:13-20).   It was about 63 A.D that James was stain by the fanatical Jesus.   It is believed that the letter was written before 50 AD.   This Epistle is an expression of a “living faith”. This has been called the “Christian Book of Proverbs”.

The outline of the Epistle of James can be divided into five parts for the sake of study.

a. The perfection of Faith 1:1-2:13 -
b. The product of Faith 2:14-26. -
c. The problem of Faith 3:1-12. -
d. The proofs of Faith 3:13-5:6 -
e. The patience of Faith 5:7-20 -

At one point James decided to interlink the wisdom, and faith in daily life through the way of life he  considers such practical issues as concern for the poor, the responsible use of wealth, control of the tongue, purity of life, unity in the community of Christ’s followers and  patience int he times of trial.   Let us work for the society with a deep commitment in our faithful  journey.

## City Mission and other Missionary Activities

As an empowering and equipping community our Church is actively participating in the mission for the extention of God's Kingdom. Through our Mission in Selam and Rajastan, we have initiated various works including Church building. By this time, the basement work of the Church building in Rajastan at Banswada is completed with the valuable prayers and financial support of the congregation. The Manikandeswaram Church building work is progressing. We need more help for the successful completion of the project. Young family fellowship who had taken initiative has raised some money in the last month through their special venture at the United X'mas celebration. I take this time to thank them for the same.

In the watch night service, on 31st December YFF and Mr. Nithin Thampy were came forward to sponsor two missionaries in Maharashtra. YFF is actually planning to extend their financial support for the New Delhi Mission. But the missionary work in Maharashtra was awaiting for a sponsorship. In due course, YFF is planning to shift our sponsorship to New Delhi as and when we could find out a suitable missionary there. Please remember this in your prayers.

By the immense Grace of God, we could find out and give advance for a piece of land for Kothalam Church Mission Project. Now the City Mission is trying to find out the amount for the land purchase under the leaderships of Dr. Arthur Jacob, the City Mission Convener, and Mr. Jayakumar Alfred the Financial Convenor for the project under the guidance of the Presbyters. Kindly participate and contribute liberally for the fulfillment of the project among the non-christians at East Fort. Remember this in your personal and family prayers as a special prayer request to the Lord. We still need about 40 lakhs of Rupees to be revised for this noble course. Other mission centers Prasanth Nagar, Rajaji Nagar, Medical College are also progressing by the blessings of our living father in Heaven.

## Presentation of Jesus Christ:

On Sunday 2nd of February we remember the presentation of Jesus Christ to the Jerusalem Temple (Ex.13.2-16 moon.3:13). This is the time when Jesus was proclaimed to the people by Simeon. "A light to lighten the Gentiles and the glory of the people Israel" (Luke 2:32).

## Stephen, the First Martyr:

On 15th February we remember Stephen is the first Martyr of the Church. Martyrdom is the part of the growth of Church. The first three centuries suffered a lot with the countless deaths of Martyrs. Stephen was

stoned by non- believers.  While he was stoned, he prayed for the forgiveness like Jesus (Acts. 7:57-60, Luke 23:34). Let us also commit our lives to the Lord and Saviour with real faith and conviction May Lord enable us for the same by His Grace.  Amen.

With prayers and best wishes,


Yours in Christ,

**Vincent Achen**

# ആൽബർട്ട് ഷ്വൈറ്റ്സർ

(1875–1965)

മനോജ് എബനീസർ



ഫ്രാൻസിലെ ആൽസേസ് ഗ്രാമത്തിൽ ഒരു ലൂഥറൻ പട്ടക്കാരന്റെ മകനായി 1875 ജനുവരി 14–ന് ആൽബർട്ട് ഷ്വൈറ്റ്സർ ജനിച്ചു. അക്കാലത്ത് ജർമ്മൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു ആൽസേസ് (ഒന്നാം ലോകമഹായുദ്ധംവരെ). കുട്ടിക്കാലത്ത് ദാരിദ്ര്യം അനുഭവിച്ച ആൽബർട്ട്, പിതാവിന്റെയോ അമ്മാവന്റെയോ കോട്ടിൽ നിന്നും ഉണ്ടാക്കിയ ഉടുപ്പുകളാണ് ഉപയോഗിച്ചിരുന്നത്. കൂട്ടുകാർ കവണവെച്ച് പക്ഷികളെ വീഴ്ത്തുമ്പോൾ ആൽബർട്ട് അതിൽ പങ്കുചേരുകയില്ലായിരുന്നു.

ചെറുപ്പത്തിൽത്തന്നെ ഓർഗൻ വായിക്കാൻ ആൽബർട്ടിന്റെ പിതാവ് അവനെ പഠിപ്പിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ 1893 വരെ മൽഹൗസ് എന്ന സ്ഥലത്ത് പ്രഗത്ഭ ഓർഗൻ സംഗീതജ്ഞരോട് എട്ടുവർഷം സംഗീതം അഭ്യസിച്ചു. പ്രത്യേകിച്ച് ബാഖിന്റെ സംഗീതത്തോട് ആജീവനാന്ത താൽപ്പര്യം ജനിച്ചു. 18–ാം വയസ്സിൽ സ്ട്രാസ്ബർഗിലെ സർവ്വകലാശാലയിൽ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രം പഠിക്കുവാൻ ചേർന്നു. 1899–ൽ 24–ാം വയസ്സിൽ തിയോളജി പഠനം പൂർത്തിയാക്കി റൂബിംഗ്ടൺ സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടി. തുടർന്ന് സ്റ്റ്രാസ്ബർഗിലെ ലൂഥറൻ പള്ളിയിൽ ഡീഖൻ പട്ടമേറ്റ് (അച്ചൻ പട്ടത്തിന് തൊട്ടുമുമ്പുള്ള സ്ഥാനം) അവിടെ ശുശ്രൂഷ ആരംഭിച്ചു. 1900–ൽ തിയോളജി ബിരുദം പൂർത്തിയാക്കി പട്ടത്വം സ്വീകരിച്ചു.

കുട്ടിക്കാലത്ത് കോൾമാർ പട്ടണത്തിൽ കണ്ട കറുത്തവർഗ്ഗക്കാരന്റെ പ്രതിമ ആൽബർട്ടിന്റെ മനസ്സിൽ പതിഞ്ഞിരുന്നു. അതിന്റെ മുഖത്തെ സങ്കടവും നിരാശയും ഒരിക്കലും മറന്നില്ല. 30–ാം വയസ്സിൽ (1905–ൽ) പാരിസ് മിഷണറി സൊസൈറ്റിയുടെ മെഡിക്കൽ മിഷണറി ആകുവാനുള്ള ദൈവവിളി തിരിച്ചറിഞ്ഞു. സഭാശുശ്രൂഷ രാജിവെച്ച് മൂന്നു വർഷത്തെ മെഡിക്കൽ ബിരുദം പഠിക്കാൻ ചേർന്നു. 1911–ൽ പഠനം പൂർത്തിയാക്കി. 1912–ൽ ഹെലൻ ബ്രസ്ലോ എന്ന വനിതയെ വിവാഹം ചെയ്ത് വീണ്ടും പാരിസ് മിഷണറി സൊസൈറ്റിയെ സമീപിച്ചു.

പ്രസ്ബിറ്റീരിയൻ ആഭിമുഖ്യമുള്ള പാരിസ് മിഷണറി സൊസൈറ്റിക്ക്

ആൽബർട്ടിന്റെ ലൂഥറൻ വിശ്വാസങ്ങൾ പഥ്യമായിരുന്നില്ല. എങ്കിലും സ്വന്തം ചെലവിൽ മിഷണറി പ്രവർത്തനത്തിന് പൊയ്ക്കൊള്ളാം എന്ന് അവരെ സമ്മതിപ്പിച്ച് 1913–ൽ ഭാര്യയും കൈക്കുഞ്ഞുമായി പാശ്ചാത്യ ആഫ്രിക്കയിലെ ഫ്രഞ്ച്ഭരണ പ്രദേശത്തെ ലാംബരീൻ മിഷൻ കേന്ദ്രത്തിൽ ആശുപത്രി സ്ഥാപിക്കാൻ യാത്രയായി. അവിടെ ആഫ്രിക്കൻ കുടിലുകളുടെ മാതൃകയിൽത്തന്നെ ആശുപത്രി പണിതു. ആയിരക്കണക്കിന് രോഗികളാണ് അവരെ തേടിവന്നത്. പലതരം പനി, വയറിളക്കം, മലേറിയ, ഉറക്കമില്ലായ്മ, കുഷ്ഠരോഗം, വിഷബാധ തുടങ്ങിയവയെല്ലാം ചികിത്സിക്കാൻ ഭാര്യ സഹായിച്ചു. ആവശ്യമുള്ളപ്പോൾ അനസ്തേഷ്യ നൽകുകയും ചെയ്തിരുന്നു. അന്ധവിശ്വാസികളായ ഗോത്രവർഗ്ഗക്കാർ ആൽബർട്ടിന് അത്ഭുതസിദ്ധികളുണ്ടെന്ന് വിശ്വസിച്ചു. ചികിത്സയുടെ വിവരങ്ങൾ (തീയതി, അസുഖം, ചികിത്സ) വട്ടത്തിലുള്ള ഒരു തകിടിയിൽ എഴുതി ഓരോ രോഗിയുടെയും കഴുത്തിൽ ഇട്ടുകൊടുക്കുമായിരുന്നു. അവർ അതിനെ മാന്ത്രിക ഏലസ്സ് എന്ന് ധരിച്ചു. ആൽബർട്ടിനെ 'ഒഗാംഗ' (മരുന്നു മനുഷ്യൻ) എന്നാണവർ വിളിച്ചിരുന്നത്.

ഒന്നാം ലോകമഹായുദ്ധകാലത്ത് (1914–17 വരെ) ആൽബർട്ടിന് സ്വന്തനാട്ടിലേക്ക് തിരിച്ചുപോകേണ്ടിവന്നു. കൂടാതെ ഇടയ്ക്കിടെ ധനശേഖരണത്തിന് വേണ്ടി പ്രസംഗങ്ങളും ഓർഗൻ recitalകളും നടത്താൻ നാട്ടിൽ പോയതൊഴികെ മുഴുവൻ കാലവും മിഷൻ ആശുപത്രിക്ക് വേണ്ടി ചിലവഴിച്ചു. 1926–ൽ കുറെക്കൂടി വിപുലമായ കെട്ടിടങ്ങൾ നിർമ്മിച്ചു. ഈ കാലഘട്ടം മുതൽ കൂടുതൽ ഡോക്ടർമാരെ സഹായികളായി ലഭിക്കുകയും ചെയ്തു.

മിഷണറിയാകുന്നതിന് മുമ്പ് 1906–ൽ **The Quest for the Historical Jesus** എന്ന പ്രസിദ്ധമായ പുസ്തകം ഷ്വൈറ്റ്സർ രചിച്ചിരുന്നു. വിശ്വാസത്തിൽ അനുഭവിക്കുന്ന (സുവിശേഷങ്ങളിൽ കാണുന്ന) യേശുവും ചരിത്രത്തിൽ ജീവിച്ച യേശുവും രണ്ടാണെന്നും 'യഥാർത്ഥ' യേശുവിനെ വേർതിരിച്ചെടുക്കാൻ തനിക്ക് കഴിഞ്ഞെന്നും അദ്ദേഹം വിശ്വസിച്ചു. കൂടാതെ തത്വചിന്താ സംബന്ധമായ പുസ്തകങ്ങൾ അദ്ദേഹം രചിക്കുകയും ജീവനെ മാനിക്കുക (Respect for life) എന്ന ആശയം മുന്നോട്ട് വയ്ക്കുകയും ചെയ്തു.

**1952–ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ആൽബർട്ട് ഷ്വൈറ്റ്സർക്ക് നൽകി.** സമാധാനത്തിനുവേണ്ടിയും ആണവായുധങ്ങൾക്ക് എതിരെയും അദ്ദേഹം ശക്തിയായി പ്രവർത്തിച്ചു. 1965 സെപ്റ്റംബർ 4–ന് 90–ാം വയസ്സിൽ ലാംബരീനിലെ തന്റെ പ്രിയപ്പെട്ട ആശുപത്രിയിൽവെച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അവിടെത്തന്നെ (അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം) സംസ്ക്കരിച്ചു. അദ്ദേഹം സ്ഥാപിച്ച മിഷൻ ആശുപത്രി ഇന്നും നിലനിൽക്കുകയും പല മെഡിക്കൽ ബിരുദക്കാരും അവിടെ സേവനം നടത്താൻ സമയം കണ്ടെത്തുകയും ചെയ്യുന്നു.

# Life Style Disease of the Youth

**Dr. John Sajit Edwin**

In the recent past our State is in the lime light of youth problem, mainly because of their changes in life style. According to the newer trends various diseases also has come up.

1. **Diseases related to food habits**

Fast food/junk food are on the rampage. Youngsters are fond of these stuff and are consuming large quantities of junk food. This has created various diseases which happened in the West. Foods rich of fat and oil causes earlier heart attacks and hypertension. High calorie food causes diabetes and obesity. Cardiovascular diseases which was affecting individuals of more than 50 years are causing nightmare for the youths. Rapid increase in morbidity occurs due to these diseases among the youth.

2. **Diseases due to lack of exercise**

The youth lifestyle has changed especially in the corporate and IT sectors. Due to the lack of exercise, obesity has become a major problem. This is mainly because of their work pattern and lack of sleep. They are not getting enough time for relaxation and exercises. Diabetes and hypertension can be controlled by daily exercise. Body fitness is essential to fight against diseases. With usage of various transport facilities, nobody bothers to walk even in their offices.

3. **Diseases related to stress**

Youth have tremendous stress in their workplace or at study areas. Due to the increase in competition their target achievements are more difficult. Because of stress they are getting hypertension, sleepnessness and also various mental illenss. Persons sitting and doing work for many hours without rest are getting neck stiffness and backaches. Un-timely food consumption lead to gastro intestinal diseases like heart burn, peptic ulcer.

Youth not able to achieve their dreams are depressed and slowly going for mental illness. This even lead to suicide. Recently there is an increase in the number of suicides among youth in both sexes in our state. Stress is not only due to work, but also in their families.

*(Cont'd on page 21)*

# Shall We Resol.......ve for 2014

Arul John Ebenezer

One year has passed; God sustained us in his mighty hands through the fall and high of life, provided spiritual food, healed us from sickness, so thank our God. Trust God and step in the New Year. Let me wish you all a blissful New Year.

The Lord care and love us, so gave the Bible words to live with and Jesus to die for our sin. It is our role to read and practice God's words and follow Jesus in our life**. At the very beginning of the year 2014, let we resolve** that we will live in this world practicing the Bible and following Jesus, to give peace and reconciliation to the people around us. If we go away from God and the Bible; we can't bring peace in this world. Our ancestors, Adam and Eve, lived happily when they were created. But when they disobeyed and went away from God's control they lost peace, developed misunderstanding and started to blame each other. Their attitude was the reason for the confusion and worry.

Some of our attitudes are solely responsible for the confusion, tension and loss of peace in the society where, I and you live. If all Christians in the society move with good will, there will be peace and harmony, the very purpose for which each Christian is created. But sometimes we blame others for our unhappiness which will lead to a break in Families, Churches, Communities and Nations.

To remove the burden of sin , and make us happy and blessed, Jesus was born in this world leaving the heavenly comfort, instead of accusing us for the sins. If we wish to have a peaceful relation with God, we must live in peace with the people around us, radiating God in our society, church, work place and family.

1st Thessalonians 5;12 & 13 says- we beg you ,our brothers and sisters, to pay proper respect to those who work among you, who guide and instruct you in the Christian life. Treat them with the greatest respect and love because of the work they do**. Be at peace among yourselves**.

Each one living in this world has his/her right to express opinion. Sometimes it happens in our life that when others' opinion doses not match with our opinion we start enmity and arguments, which is not a right attitude.

Difference of opinion should be discussed to bring out a positive outcome. We should consider others' views and opinion with positive spirit, but sometimes, we do postmortem on each word of others to make it the most negative. This happens in societies, work places and in churches. We, the Christians, should have a greater degree of understanding with others to bring peace in the world.

Romans 12:10 says Love one another warmly as Christian brothers and sisters, and be eager to show respect for one another. Let our willingness of flesh and self not be a hindrance to give God to others. James 4:1 says all the fights and quarrels come from the desire for pleasure.

Dear all, we the Children of God are expected to make and spread peace and mentor the younger generation for this. In the Sermon on the Mount, Jesus said, "happy are those who work for peace; God will call them his children". So, we all shall pray and resolve to give only peace in all the walk of our life in 2014 through words, deeds and understanding. God bless you...

---

*(Cont'n from page 19)*

4. **Diseases due to Smoking and Alcoholism**

Both these habits are high among youths. Smoking at early age leads to cancer in the oral cavity and in the lungs. Many reports have already come about smoking of various substances leading to psychological illness, tubercolosis and lung diseases.

Alcoholism leads to cirrhosis of the liver and various other complications. Both are contributary and leading to cardiovascular illness, and breaking up of family relationship is also common. Divorce rate is also going up in our State. Unfortunately, ladies also are getting involved in these habits and succumb in illness.

5. **Drug Addiction and Sexually Transmitted Diseases**

These are lifestyle diseases which are catching up among the youth. Youths are attracted towards the newer trends and once they get involved in these habits it leads to spoil their career. It starts with groups and like viral diseases spread fast. Drug addiction leads to Hepatitis, AIDS and even cancers among the youngsters. Addiction leads to sexually transmitted diseases like HIV and AIDS.

All measures are to be take with utmost seriuousness to combat these lifestyle diseases and to save youths who are the nation builders of the future. Church and voluntary organizations can play an important role changing youths livestyle by active counselling and conducting various awareness programmes.

# The Greatest Physician and Healer

**Juliet Josephus**

In this world fraught with sin, sickness and woes,
There is hope yet for each afflicted soul,
Not any hope the world provides,
'Tis the great Physician
Who has the remedy for every affliction.

He's none other than Jesus, Son of God,
The greatest Physician and Healer;
He was wounded for our transgressions,
Bore the brunt of our sins,
He was bruised for the iniquities we all do;

He was chastised so that we could be well,
By His stripes healing has come to us all;
On Himself He carried all our sins,
Praise God! No guilt we bear.
It is all part of the finished work on the the Cross.

Jesus bore everything on our behalf,
He willingly went to die on the Cross,
No longer in sickness need we stay,
He has borne on the Cross,
All our afflictions,be it of body or soul.
My healing came from the stripes you bore,
My sinful body cleansed with precious Blood,
On the Cross you paid the price for me,
No more I carry sin
On this body; now 'tis Thy Temple,Jesus Christ.

You're My Healer who bore all diseases,
No more sickness shall cast its eye on me;
You died in my place, buried my sins,
From sins you set me free,
I am healed in full, restored in faith. Praise the Lord!

Therefore, arise my soul and sing aloud,
Praises sing to my Healer, God and King;
On this earthy frame no sickness stays,
I am set free through grace:
His love and mercy forever I shall proclaim.

# The Love of Jesus

Dr. Florence Issac

The love of Jesus surpasses all human thoughts and understanding. The one and only person in heaven and earth and in the world to come, who loves humanity is Jesus. Jesus said, "This is my commandment that ye love one another, as I have loved you." Greater love hath no man than this, that a man laid down his life for his friends. (St. John.15:12,13).

The Bible declares that, God so loved us that He send His son as a substitute for our sins. Jesus died a cruel death on the cross to redeem the fallen human race. Execution on a cross was the most shameful and degrading of all forms of death. Jesus became a curse, that we may become all his blessings. On the third day, He rose from the dead, was received up into heaven and sat on the right side of God the Father as our heavenly Advocate. Can you imagine the agony Jesus suffered on our cross on our behalf? This is the love of Jesus.

We should be prepared to say like St. Paul, "Who shall separate from the love of Christ? Shall tribulation or distress or nakedness or peril or sword? Nay in all these things, we are more than conquerors through him that love us. For I am persuaded that neither death, nor life, nor Angels, nor powers, nor things present, nor things to come shall be able to separate us from the love of God, which is in Christ Jesus, our Lord. (Romans.8:35-38). The love of Jesus is limitless. Eternity itself is not large enough to hold the love of Jesus towards us. How awesome!

---

Any addictions, negative feelings,
Curses and bondages,He has the cure,
Just call on His Name,the power-filled Name,
Jesus the Physician
Heals bodily diseases, afflictions of soul.

Unto the Great Healer then cry aloud,
His answer You'll hear when beset with pain
Your cries reach His compassionate Heart,
He'll sent His Word to heal,
Never doubt,have faith, all shall be well again.

# പരീക്ഷാക്കാലം – മാതാപിതാക്കൾ നൽകേണ്ടത് ആത്മവിശ്വാസം

**ഡോ. ശാന്തായേശുദാസ്**
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

വിദ്യാർത്ഥികളെ ഉയർച്ചയിലേക്ക് നയിക്കുന്ന ചവിട്ടുപടികളാണ് പരീക്ഷകൾ. അതിനാൽ പരീക്ഷയെ നല്ലൊരു സുഹൃത്തായി കാണുക. പരീക്ഷ എന്നു കേൾക്കുമ്പോൾ മനസ്സിനെ സംഘർഷഭരിതമാക്കാതെ ധൈര്യപൂർവം പരീക്ഷയെ നേരിടുകയാണ് വേണ്ടത്. ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ രണ്ടുതരക്കാരാണ്. 1. ഓരോ സ്കൂൾ വർഷത്തിന്റെയും ആരംഭ ദിനങ്ങൾ മുതൽ ലക്ഷ്യബോധത്തോടെ അടുക്കും ചിട്ടയുമുള്ള ക്രമീകൃതമായുള്ള അധ്വാനം ജീവിതശൈലിയുടെ ഭാഗമാക്കിയിട്ടുള്ള വർ. 2. സ്റ്റഡി ലീവ് ആരംഭിക്കുന്നതതുവരെ ഉഴപ്പിനടന്നതിനു ശേഷം സ്റ്റഡിലീവ് ദിനങ്ങളിൽ 'യുദ്ധകാലാടിസ്ഥാനത്തിൽ' എല്ലാ പഠിച്ചുതീർക്കുന്നതിന് കിണഞ്ഞു പരിശ്രമിക്കുന്നവർ. പരീക്ഷയുടെ ടൈംടേബിൾ ലഭിച്ചാലുടൻ ഇക്കൂട്ടർക്ക്, ടെൻഷൻ, പരീക്ഷാപ്പനി, വെപ്രാളം, വയറിനു വേദന, അടിക്കടി ടോയ്‌ലറ്റിൽ പോകണമെന്ന തോന്നൽ – ഇവയെല്ലാം പ്രത്യക്ഷപ്പെടുന്നു. ഇക്കൂട്ടർ ബോർഡ് പരീക്ഷകളിൽ വിജയിച്ചേക്കാം; പക്ഷേ എൻട്രൻസ് പോലുള്ള മത്സരപരീക്ഷകളിൽ നല്ല പ്രകടനം കാഴ്ചവെയ്ക്കാൻ ഇവർക്കു കഴിയുകയില്ല.

## പരീക്ഷയ്ക്കായി എങ്ങനെയാണ് തയ്യാറാകേണ്ടത്?

### 1. ലക്ഷ്യബോധം അതിപ്രധാനം

ജീവിതത്തെപ്പറ്റി സ്വപ്നങ്ങളുള്ളവർക്ക് മാത്രമേ വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ. സ്വപ്നങ്ങൾ രണ്ടുതരം: 1. ഹ്രസ്വവീക്ഷണമുള്ള സ്വപ്നങ്ങൾ (short dreams). 2. ദീർഘവീക്ഷണമുള്ള സ്വപ്നങ്ങൾ (long dreams). അടുത്ത പരീക്ഷയ്ക്ക് എത്ര മാർക്ക് നേടണമെന്ന സ്വപ്നം ഷോർട്ട് ഡ്രീമിൽ വരും; ജീവിതത്തിൽ ഉന്നതവിദ്യാഭ്യാസം നേടി ആരായിത്തീരണമെന്ന സ്വപ്നം ലോംഗ്ഡ്രീമിൽ വരുന്നതാണ്.

### 2. സ്റ്റഡിലീവ് ദിനങ്ങളിൽ ടൈംടേബിൾ ആവശ്യം

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പഠിച്ച പാഠങ്ങൾ ഒന്നുകൂടി പഠിച്ച് പരീക്ഷയുടെ അവസാന ഒരുക്കങ്ങൾ നടത്തേണ്ടതിനാണ് സ്റ്റഡിലീവ് ദിനങ്ങൾ ഉപയോഗിക്കേണ്ടത്. സ്റ്റഡി ലീവ് കിട്ടിക്കഴിഞ്ഞാലുടൻ കലണ്ടർ നോക്കി പരീക്ഷയ്ക്ക് ഇനി എത്ര ദിനങ്ങൾ ഉണ്ടെന്ന്

കണക്കാക്കുക. ഓരോ വിഷയവും മൂന്നു തവണ റിവൈസ് ചെയ്യത്തക്കവിധം സമയം ക്രമീകരിക്കുക. ഒന്നാമത്തെ റിവിഷന് കൂടുതൽ സമയം നൽകുക. രണ്ടാമത്തെ റിവിഷന് ആദ്യത്തെ റിവിഷനെടുത്തതേക്കാൾ കുറച്ച് സമയവും മൂന്നാമത്തെ റിവിഷന് അതിനേക്കാൾ കുറച്ച് സമയവും അനുവദിച്ചാൽ മതി.

3. **എങ്ങനെ പഠിക്കണം?**

**വായിക്കുക, ചിന്തിക്കുക, ഓർമ്മിക്കുക, പുനരവലോകനം ചെയ്യുക എന്നീ നാലുകാര്യങ്ങൾ പാലിച്ചാൽ പഠനം കാര്യക്ഷമമാക്കാം.** പഠിക്കാനിരിക്കുമ്പോൾ മനസ്സ് എന്ന മാന്ത്രിക കുതിരയ്ക്ക് കടിഞ്ഞാണിടുകയാണ് ആദ്യം ചെയ്യേണ്ടത്. ശ്രദ്ധ പതറിപ്പോകാതിരിക്കാൻ അൽപ്പം ഉറക്കെ വായിക്കുക. വായിക്കുന്ന പാഠഭാഗങ്ങളിലെ പ്രധാന ആശയങ്ങൾ, സൂത്രവാക്യങ്ങൾ, രേഖാചിത്രങ്ങൾ എന്നിവ പ്രത്യേകം കുറിച്ച്വെച്ചിരുന്നാൽ പരീക്ഷയുടെ തലേദിവസം എടുത്ത് നോക്കി സംശയം തീർക്കാം. കണക്കുകൾ ചെയ്ത് പഠിക്കുക. മുൻവർഷങ്ങളിലെ കിട്ടാവിടുത്തോളം ചോദ്യപ്പേപ്പർ വാങ്ങി ഉത്തരമെഴുതി സമയം ക്രമീകരിച്ച് പരിശീലിക്കുക. ഉത്തരങ്ങൾ സ്വയം വിലയിരുത്തുന്നതിന് അവസരവും ഈ രീതിയിൽ ലഭിക്കും.

4. **ഇടവേളകളിൽ വിശ്രമം ആവശ്യമാണ്**

മണിക്കൂറുകളോളം ഒരേ ഇരിപ്പിൽ ഇരുന്ന് പഠിച്ചാൽ മുഷിച്ചിൽ അനുഭവപ്പെടും. ആ സമയത്ത് മുറ്റത്തേക്ക് ഇറങ്ങി അൽപ്പസമയം ഇരുകൈകളും വീശി അഞ്ച്മിനിറ്റ് നേരം നടക്കുകയോ ടി.വിയുടെ മുന്നിൽപ്പോയി പ്രയോജനപ്രദമായ എന്തെങ്കിലും പരിപാടി അഞ്ചോ പത്തോ മിനിട്ട് സമയം കാണുകയോ ചെയ്യുക. ഉറക്കം വന്നാൽ ഉറക്കത്തെ അമർത്തിവെച്ച് പഠിച്ചാൽ മനസ്സ് വഴങ്ങുകയില്ല. ഈ സമയത്ത് ഒന്ന് മുഖം കഴുകുകയോ, അതു കൊണ്ടും ഉറക്കം മാറുന്നില്ലെങ്കിൽ അൽപ്പസമയം കിടന്നുറങ്ങുക. ഉറങ്ങുമ്പോൾ തലച്ചോറിന് വിശ്രമം ലഭിക്കുന്നു, തലച്ചോറിന്റെ രക്തയോട്ടം വർദ്ധിക്കുന്നു, പ്രവർത്തനക്ഷമത വർദ്ധിക്കുന്നു. പഠനം വീണ്ടും ശരിയായ ദിശയിലും വേഗത്തിലും മുന്നേറാൻ സഹായിക്കുന്നു.

5. **രാത്രിയിൽ 6 മണിക്കൂർ എങ്കിലും ഉറങ്ങുക**

പകൽ പഠിച്ച പാഠങ്ങൾ രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ സ്മൃതിമണ്ഡലത്തിൽ ദൃഢമായി രേഖപ്പെടുത്താൻ ശ്രമിക്കുക, ഫലപ്രദമായ ഒരു മാനസിക വ്യായാമമാണിത്. ഇന്ന് പകൽ സമയം ഞാൻ കാര്യക്ഷമമായി വിനിയോഗിച്ചു; നന്നായി പഠിച്ചിട്ടുണ്ട് എന്ന രീതിയിലുള്ള പോസിറ്റീവ് ചിന്തകൾ കൊണ്ട് മനസ്സ് നിറയ്ക്കുക, വേഗത്തിൽ നന്നായി ഉറങ്ങാം, രാവിലെ നല്ല ഉന്മേഷത്തോടെ ഉണരുകയും ചെയ്യാം.

6. **പരീക്ഷയുടെ തലേദിവസം**

പുതിയ പാഠങ്ങളൊന്നും തലേദിവസം പഠിക്കാൻ ശ്രമിക്കരുത്. നന്നായി ഉറങ്ങുക. ഉറങ്ങുന്നതിന് മുമ്പ് ഹാൾടിക്കറ്റ്, അടുത്ത ദിവസം അണിയേണ്ട യൂണിഫോം, എഴുതി പരിശീലിച്ച പേന, ഇൻസ്ട്രമെന്റ് ബോക്സ് എന്നിവ ബാഗിലാക്കിവെയ്ക്കുക.

7. **ആരോഗ്യപരമായ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധവേണം**

ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാ യിരിക്കുകയുള്ളൂ. പട്ടിണി കിടക്കരുത്. എളുപ്പത്തിൽ ദഹിക്കുന്ന മിത മായ ഭക്ഷണമാണ് ഉത്തമം. പരീക്ഷാദിനങ്ങളിൽ കൂടുതൽ ഊർജ്ജം ലഭിക്കട്ടേ എന്ന് കരുതി ശീതളപാനീയങ്ങൾ, ഐസ്ക്രീം, ഫാസ്റ്റ്ഫുഡ്, ബേക്കറി പദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ചതിനാൽ, വയറിളക്കം, ഛർദ്ദി, പനി എന്നിവ ബാധിച്ച് പരീക്ഷാദിവസം രാവിലെ ആശുപത്രി യിൽ അഡ്മിറ്റ് ചെയ്യേണ്ടി വരുന്ന വിദ്യാർത്ഥികൾ വിരളമല്ല. വിദ്യാർത്ഥി യോടൊപ്പം രക്ഷാകർത്താക്കളും ചികിത്സിക്കുന്ന ഡോക്ടറും മാനസിക സംഘർഷം അനുഭവിക്കേണ്ടി വരുന്ന സന്ദർഭമാണിത്. മാർച്ച് മാസം ചെങ്കണ്ണ്, ചിക്കൻപോക്സ് മുതലായ പകർച്ചവ്യാധികളുടെ കാലമാണ്. ഇത്തരം രോഗികളുമായി അകലം പാലിക്കുക. രോഗംബാധിക്കുന്ന നിർഭാഗ്യകരമായ അവസ്ഥയുണ്ടായാൽ സ്വയംചികിത്സ പാടില്ല.

8. **രക്ഷാകർത്താക്കൾ നൽകേണ്ടത് ആത്മവിശ്വാസം**

പരീക്ഷാച്ചൂടിൽ വേവലാതി പിടിച്ചിരിക്കുന്ന കുട്ടികളോടും 'നീയെല്ലാം പഠിച്ചിട്ടുണ്ടല്ലോ' എന്ന രീതിയിൽ ആശ്വാസവാക്കുകൾ പറ യുകയും, രാവിലെ പരീക്ഷയ്ക്കായി ഇറങ്ങുന്ന കുട്ടിയെ വിജയാശംസ കളോടെ യാത്രയാക്കുകയും ചെയ്താൽ കുട്ടികൾ ആത്മവിശ്വാസ ത്തോടെ പരീക്ഷ അഭിമുഖീകരിച്ച് നല്ല പ്രകടനം കാഴ്ചവെച്ച് ഔന്ന ത്യങ്ങൾ കൈയ്യടക്കും. നല്ല മാർക്ക് നേടുന്ന കുട്ടിയെ അഭിനന്ദിക്കാൻ മറക്കരുത്.

9. **മാതാപിതാക്കൾ ചെയ്യരുതാത്ത കാര്യങ്ങൾ**

'ഞാൻ കുട്ടികളോടൊപ്പം ഇരുന്നാൽ മാത്രമേ എല്ലാ ശരിയാവു കയുള്ളൂ' എന്ന് വീമ്പടിച്ചു കൊണ്ട് കുട്ടികളുടെ സ്റ്റഡിലീവ് കാലത്ത് ലീവെടുത്ത് കുട്ടികൾക്ക് കാവലിലിരിക്കുകയും 'പഠിക്കെടാ (പഠിക്കെടീ)' എന്ന് ആക്രോശിച്ച്കൊണ്ട് നിരന്തരം കുട്ടികളെ ശല്യപ്പെടുത്തുകയും അരുത്. **കുട്ടികൾ പഠിക്കുന്ന സമയത്ത് മാതാപിതാക്കൾ ടി.വി. കാണുന്ന പ്രവണത ഉപേക്ഷിക്കുക.** പഠനത്തിന് തടസ്സമുണ്ടാക്കുന്ന കുടുംബകാര്യങ്ങൾ (ഉദാ: വിവാഹം, വിവാഹനിശ്ചയം എന്നിവ) ഇക്കാ ലത്ത് ഒഴിവാക്കുക. കുട്ടികൾ പരീക്ഷാക്കാലത്ത് ചെയ്യുന്ന ചെറിയ തെറ്റു കൾക്ക് (ഉദാ: ഫാൻ ഓഫ് ചെയ്യാതെ പോയത്) കുട്ടിയെ വഴക്കു പറയുകയോ ശിക്ഷിക്കുകയോ അരുത്.

പരീക്ഷ കഴിഞ്ഞ് മടങ്ങിയെത്തുന്ന കുട്ടിയുടെ ചോദ്യക്കടലാസ് വാങ്ങിവെച്ച് കുട്ടി എഴുതിയ ഉത്തരങ്ങൾ 'പോസ്റ്റ്മോർട്ടം' ചെയ്യരുത്. ഈ പ്രവണത കുട്ടികളിൽ കടുത്ത മാനസികസംഘർഷം ഉളവാക്കും. സ്വന്തംമക്കളെ അവരുടെ സഹോദരങ്ങളോടോ, സഹപാഠികളോടോ, അയൽക്കാരായ കുട്ടികളോടോ താരതമ്യപ്പെടുത്തരുത്. ഓരോ കുട്ടിയുടെയും കഴിവുകൾ വ്യത്യസ്തമായിരിക്കും.

10. **ദൈവഭയം സർവ്വജയം**

'ഞാൻ നന്നായി പഠിച്ചിട്ടുണ്ട്, നന്നായി പരീക്ഷ എഴുതാൻ എനിക്ക് കഴിയും' എന്ന ആത്മവിശ്വാസത്തോടെ പരീക്ഷാഹാളിൽ എത്തുക. സീറ്റ് കണ്ടുപിടിച്ച് സീറ്റിലിരുന്നാൽ മനസ്സ് ശൂന്യമായതുപോലെ ചില വിദ്യാർത്ഥികൾക്ക് അനുഭവമായി എന്ന് പറയാറുണ്ട്. ദൈവവിശ്വാസം കൈതാങ്ങ് ആകുന്നത് ഇവിടെയാണ്. ഏതാനും സെക്കന്റ് നേരം മൗനമായി പ്രാർത്ഥിക്കുക. ആകുലതകൾ അലിഞ്ഞ് ഇല്ലാതാകും. ഉത്തരങ്ങൾ മനസ്സിൽ തെളിഞ്ഞ് വരുന്നതും ഇക്കൂട്ടർക്ക് അനുഭവമാകും. ഈ രീതിയിൽ അടിയുറച്ച ദൈവവിശ്വാസം കൈമുതലായി ഉണ്ടായിരുന്നാൽ പതറാതെ, ധൈര്യമായി, ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ ഓരോ വിദ്യാർത്ഥിക്കും കഴിയും. വിജയാശംസകൾ!


## നിത്യതയിൽ ഒരു വയസ്സ്

13-01-2014



**കെ. സരസമ്മ**

റിട്ട. സീനിയർ അക്കൗണ്ടന്റ്, എജീസ് ഓഫീസ്
സി.ആർ.ആർ.എ-144,
ചിറക്കുളം റോഡ്

പ്രത്യാശയിൽ ജീവിച്ച് പ്രത്യാശയോട് കൂടി നിത്യതയിൽ പ്രവേശിച്ച സ്നേഹനിധിക്ക്
മറക്കാനാവാത്ത ഓർമ്മകളോടെ ഞങ്ങളുടെ സ്നേഹാദരങ്ങൾ
**കുടുംബാംഗങ്ങൾ**

# Circle Prayer - February 2014

| | | | | |
|---|---|---|---|---|
| 4/2/2014 | Charachira circle | 1269 | Mr. Bose Chandraraj Joseph | Charachira |
| Tuesday | LMS-Palayam Circle | 1607 | Mr. Sajikumar J. | Van rose Jn. Palayam |
| | Kowdiar Circle | 837 | Mr. H. Gladstone | Golf Links |
| | | | | |
| 7/2/2014 | | 1124 | Mr. Martin Pakya Raj | Vattiyoorkav |
| Friday | Pattom Circle | | Mr. Soma Roy | Thekkummoodu |
| | Kowdiar Circle | | Er. Asish Prasad | Christ Nagar |
| | | | | |
| 11/2/2014 | Charachira circle | 875 | Er. L Nesayyan | Nanthancode |
| Tuesday | Edapazhanji Circle | 1146 | Mr. R. Sathyadas | P T P Nagar |
| | | | | |
| 14/2/2014 | Ambalamukku Circle | 631 | | |
| Friday | LMS-Palayam | 1194 | James Babuji Wills | Museum Bain's Compound |
| | | | | |
| 18/2/2014 | Pastors' Retreat | | | |
| 21/2/14 | Pastors' Retreat | | | |
| | | | | |
| 28/1/2014 | Muttada Circle | 892 | Mr. Isaac Joseph | Surya Nagar,Powdikonam |
| Tuesday | Nanthancode Circle | 339 | Mr. Mohankumar Sumanam | Nanthancode |
| | Pattom Circle | 919 | Mr. C. Mohandas | Plamoodu |

## EVENTS upto 17-01-2014

### Crossed Jordan to be with the Lord

| Sl.No | Family No | Members |
|---|---|---|
| 1 | 1941 | **Mrs. Gladis G**<br>TC 14/1181, OHRA D62,<br>Wellington Avenue, TVM 33<br>Died on:- 04-01-2014 |



### Baptism


| Sl.No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1819 | Mr.Aaron Anish Varghese | 24-11-2013 |
| 2 | 1928 | Ms.Ann Jenifer | 08-12-2013 |
| 3 | 2053 | Ms.Angel Anna Roy | 15-12-2013 |
| 4 | 1815 | Ms.Ieshitha Dileep | 05-01-2014 |

### We welcome these new families joined by TC

| Sl.No | Family No | Members | Date of Join |
|---|---|---|---|
| 1 | 2069 | Er. Binu D, Mrs. Raji A, Mr .Alvin B R, Mr.Alex B R | 27-12-2013 |

### We welcome these new families joined by Marriage

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2068 | Mr.Anish David Jasper, Mrs.Ranjitha Rebecca Jeevan, | 28-12-2013 |
| 2 | 2070 | Er.Shon J Das, Mrs.Galeena S G, | 02-01-2014 |
| 3 | 2071 | Er.Nikhil S Thampi, Mrs.Nivea G, | 04-01-2014 |




The aim of this Bible Quiz is to promote reading of the Bible. This month's questions are selected from the first nine chapters of **Acts of the Apostles (NIV)**. Acts was written by Luke the physician addressed to Theophilus as a continuation of Gospel according to Luke. These nine chapters contain the details of formation of early Church till the time of Saul's transformation. So kindly read through chapters 1 to 9 before attempting this quiz.

Each answer has to be accompanied with the relevant verse (reference). The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. "In the last days, God says, I will pour out my Spirit on all people", which prophet spoke these words?
2. To which temple gate was the man crippled from birth carried to everyday for begging?
3. Who was the person to whom about four hundred men rallied to, when he claimed he was somebody?
4. For how many months was Moses cared for in his father's house?
5. Who built the house for God?
6. What were the last words of Stephen?
7. Where did Philip go to when the Church was scattered?
8. At whose house was Saul praying after he lost his sight?
9. Who was chosen by lot to be added to the eleven apostles?
10. "I see that you are full of bitterness and captive to sin." Who said to whom?

List of people who submit the right answers along with the reference

**January** : 1. Premila Janelet Sylam 2. V. Graceammal 3. Lalitha Grace Jayakumar 4. Annie Liz Manuel

**December**: 1. V. Graceammal 2. Shereen Evangeline Ross

**Correct answers to the quiz on Matthew**

1. 1 denarius 20:9
2. The Son of Man 12:8
3. Jesus 10:34
4. 2 more 25:22
5. Zechariah 23:35
6. Destruction 7:13
7. James 10:3
8. Wherever there is carcass 24:28
9. Daughter of Herodias 14:6
10. Ruth 1:5,6


എഡിറ്റോറിയൽ

# പ്രാർത്ഥനയും രോഗസൗഖ്യവും



ഒരാശുപത്രിയിൽ അത്യാസന്ന നിലയിൽ കഴിയുന്ന ഒരു രോഗിയെ സന്ദർശിക്കുവാൻ എല്ലാ ദിവസവും രണ്ടു നേരം ഒരു പ്രാർത്ഥനാ ഗ്രൂപ്പുകാർ വന്നു കൊണ്ടിരുന്നു. അവർ കുറെ സമയം രോഗിയുടെ അടുക്കൽ പ്രാർത്ഥനയ്ക്ക് ചെലവഴിച്ചു. പ്രാർത്ഥനയിൽ വിശ്വാസമില്ലാത്ത വ്യക്തിയായിരുന്നു അവിടുത്തെ ഡോക്ടർ.

ഒരു ദിവസം പ്രാർത്ഥനക്കാരോട് ഡോക്ടർ പറഞ്ഞു. “ഈ സ്ത്രീ കൂടി വന്നാൽ മൂന്നു മാസം കൂടി ജീവിച്ചിരിക്കും. ഇവരെ രക്ഷപ്പെടുത്തുവാൻ വൈദ്യശാസ്ത്രത്തിന് സാദ്ധ്യമല്ല. പിന്നെ എന്തിനാണ് നിങ്ങൾ ഇത്രയും സമയം നഷ്ടപ്പെടുത്തുന്നത്?” അതിന് അവരിലൊരാൾ ‘യേശുക്രിസ്തു മരിച്ചവനെ ഉയർപ്പിച്ചവനാണ്. ഞങ്ങളുടെ ദൈവം സൗഖ്യം കൊടുക്കുന്നവനാണ്’ എന്ന് പറഞ്ഞു. കുറെ ദിവസം കഴിഞ്ഞ് ആ ഡോക്ടർ അൻപതു മൈൽ അകലെയുള്ള മറ്റൊരു ആശുപത്രിയിലേക്ക് സ്ഥലം മാറിപ്പോയി.

ഒരു വർഷം കഴിഞ്ഞ് അദ്ദേഹം വീണ്ടും തിരികെ ആ ആശുപത്രിയിൽ എത്തി. അപ്പോൾ അവിടെയുള്ള ഒരു ജോലിക്കാരി അത്യാസന്ന നിലയിൽ കിടന്നിരുന്ന ആ പഴയ ക്യാൻസർ രോഗിയെപ്പറ്റി ഡോക്ടറോട് പറഞ്ഞു. അത്ഭുതത്തോടെ അദ്ദേഹം ചോദിച്ചു: “ആ സ്ത്രി ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ?” ആ ജോലിക്കാരി പറഞ്ഞു‘‘ജീവിച്ചിരിക്കുന്നു എന്നു മാത്രമല്ല പൂർണ്ണ ആരോഗ്യവതിയുമായിരിക്കുന്നു.” അത് വിശ്വസിക്കാൻ കഴിയാതിരുന്ന ഡോക്ടർ ആ സ്ത്രീയെ നേരിൽ കണ്ട് അവരെ പല പരീക്ഷണങ്ങൾക്കും വിധേയമാക്കി. ആ സ്ത്രീയിൽ ക്യാൻസർ രോഗത്തിന്റെ യാതൊരു ലക്ഷണവുമില്ലായിരുന്നു.


ഈ സംഭവം ഡോക്ടറുടെ ജീവിതത്തിൽ ഒരു വഴിത്തിരിവായിത്തീർന്നു. പ്രാർത്ഥന മൂലം മനസ്സിനും ശരീരത്തിനും വരുന്ന പരിവർത്തനങ്ങൾ അത്ഭുതകരമാണെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം ആ പ്രാർത്ഥനാഗ്രൂപ്പിനെ വരുത്തി ആഴ്ചയിൽ ഒരിക്കൽ ആശുപത്രിയിലെ എല്ലാ രോഗികൾക്കും വേണ്ടി പ്രാർത്ഥന നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തു.

ജീവിതത്തിൽ പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടി വരുമ്പോൾ, രോഗം ബാധിച്ച് വൈദ്യശാസ്ത്രം പോലും നമ്മെ കൈവിടുമ്പോൾ നമുക്ക് ചെയ്യാവുന്ന ഏക കാര്യം പ്രാർത്ഥിക്കുക എന്നതു മാത്രമാണ്. **മനുഷ്യന് ഒന്നും ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ ദൈവം കടന്നു വന്നു പ്രവർത്തിക്കും.** Man's extremity is God's opportunity. ജീവിതത്തിൽ എല്ലാ അവസ്ഥകളിലും നമുക്ക് പ്രാർത്ഥനയ്ക്ക് മുഖ്യസ്ഥാനം നൽകാം. വരും നാളുകളിൽ ദൈവത്തിൽ നിന്നും വലിയ അനുഗ്രഹങ്ങൾ നമുക്ക് പ്രാപിക്കാം!

**ആർ. സാജൻ സാംസൺ**
എഡിറ്റർ
email: sajansamson@hotmail.com

# Combined Xmas Carol Services





Grace Printers. 2540523